Ci
XIV
27

N12<526907603 021 LS
ubTÜBINGEN
Ci XIV 27.

Tel. Mission

G. E. M. S.

Suviçesha Samgraha

സുവിശെഷസംഗ്രഹം

മത്തായി-മാൎക്ക- ലൂക്കാ-യൊഹനാൻ

എന്നവരുടെ സുവിശെഷങ്ങളെയും

യൊസെഫമുതലായ ചരിത്രക്കാരുടെ

ചിലവിശെഷങ്ങളെയും

ചെൎത്തുണ്ടാക്കിയ

യെശുമശിഹയുടെ കഥാസംക്ഷെപം

Harmonie der 4 Ev- in Malayalim

തലശ്ശെരിക്കിൽ ഛാപിതം

൧൮൪൯

1849

B U T

സുവിശെഷസംഗ്രഹം

മുഖവുര

സൎവ്വദാമനുഷ്യജാതിയെ സ്നെഹിക്കുന്ന ദൈവം കാലസമ്പൂൎത്തി വന്നപ്പൊൾ തന്റെ പുത്രനെ കന്യകയിൽ ജനിപ്പാൻ നിയൊഗിച്ചയച്ചു - ഇങ്ങിനെ അവതരിച്ച ദൈവപുത്രന്റെ സുവിശെഷം സകലമനുഷ്യചരിത്രത്തിന്നും നടുഭാഗവും സാരാംശവും ആകുന്നു - പഴയനിയമത്തിലെ വെളിപ്പാടുകൾ ഒക്കെയും അതിനാൽ നിറവുവന്നു - ഇന്നെവരെയുള്ള ക്രിസ്തുസഭയുടെ സകലനടപ്പുകൾക്കും ആയത് അടിസ്ഥാനവും ആകുന്നു - അതുകൊണ്ടു ആ സുവിശെഷം നല്ലവണ്ണം ഗ്രഹിപ്പാൻ എല്ലാ ക്രിസ്ത്യാനിക്കും എത്രയും ആവശ്യമായിരിക്കുന്നു

ഒരുത്തൻ മാത്രം ആ സുവിശെഷത്തെ വൎണ്ണിച്ച് എഴുതിയെങ്കിൽ ആ ഒരുപ്രബന്ധം വായിച്ചാൽ മുഖ്യവൎത്തമാനങ്ങളെ എല്ലാം എവഗത്തിൽ അറിഞ്ഞുവരുമായിരുന്നു - അതല്ല സത്യവാന്മാർ നാലാളും ദൈവാത്മാവിനാൽ തന്നെ ആ സുവിശെഷത്തെ പറകകൊണ്ടു അധികം വിവരങ്ങളെ അറിവാൻ സംഗതി ഉണ്ടു എങ്കിലും അവറെ ക്രമപ്രകാരം ചെൎക്കെണ്ടതിന്നു പ്രയാസം അധികം വരുന്നു - ദിവ്യസാക്ഷികൾ നാലാളും ഒരുകാൎയ്യത്തെ തന്നെ പറഞ്ഞുകിടക്കുന്ന നാലുവാചകങ്ങളെ ഒന്നാക്കി നിദാനിച്ചു തെറ്റു കൂടാതെ യൊജിപ്പിക്കുന്നത് അല്പമതിയായ മനുഷ്യന്നു എത്രയും വൈലക്ഷ്യമാകുന്നതാം - ദൈവസഭയുടെ ഉപകാരത്തിന്നായി അപ്രകാരം അനുഷ്ഠിപ്പാൻ പല വെദജ്ഞന്മാരും ശ്രമിച്ചിരിക്കുന്നു - അവരിൽ വെദത്തിൻ അൎത്ഥം അധികം പ്രകാശിച്ചുവന്നവരുടെ

ൎത്തികളെ നൊക്കി ദെവാത്മാവെ തുണയാവാൻ വിളിച്ചു പ്രാൎത്ഥി ച്ചാൻ നാലുസുവിശെഷങ്ങളുടെ സംഗ്രഹം ചമെപ്പാൻ തുനിയു ന്നു—ബുധന്മാർ വ്യത്യാസങ്ങളെ ക്ഷമിച്ചു അൎത്ഥഗൌരവവും സൂ ക്ഷ്മയുക്തിയും അധികം ചെരുന്നതിനെ ഉണ്ടാക്കുവാൻ ശ്രമിപ്പൂതാ ക—

നാലുസുവിശെഷങ്ങളുടെ ഭെദം.

സുവിശെഷകന്മാരുടെ സ്വഭാവങ്ങളെ കുറിപ്പാൻ സഭാപിതാ ക്കന്മാർ കെരൂബ്യകളുടെ നാലുമുഖങ്ങളെ നിശ്ചയിച്ചു ഒരൊരൊ ഉപമ വരഞ്ഞിരിക്കുന്നു. സൃഷ്ടിയിൽ നിലുണ്ടാകുന്ന ജീവസ്വരൂപങ്ങ ൾ നാലു പ്രകാരം ഉണ്ടു—ജീവകാലവൃഷഭം സെവിച്ചും കഷ്ടിച്ചും കൊണ്ടു മരണത്താൽ പാപശാന്തിക്കു ഉപകരിക്കുന്ന കാളയും—സ്വ തന്ത്രമായി വാണു. ചിറിച്ചും ജയിച്ചും കൊള്ളുന്ന സിംഹം. ഒട്ടൊ ഴിയാ സംസാരം എല്ലാം വിട്ടു വാനത്തിൽ കയറി വെളിച്ചത്തെ നൊ ക്കി ധ്യാനിക്കുന്നതിന്നു കഴുത്തെ നീട്ടുകയാളും—സെവ്യവും വാഴ് ച്ചയും ജ്ഞാനവും സ്നെഹവും കൂടുന്ന ദെവപ്രതിമയായിരിക്കുന്ന മനുഷ്യൻ തന്നെ—ഈ നാലു ഭാവങ്ങളും യെശുവിൽ ചെൎന്നിട്ടു ണ്ടു—അവൻ ജീവസ്വരൂപനും സൃഷ്ടിസാരവും ആകുന്നവ ല്ലൊ—അവനെ തന്നെ ഇസ്സുകണ്ടവർ സമ്പൂൎണ്ണനിമിത്തം സമ സ്തം ഗ്രഹിയാതെ ഒരൊരൊ വിശെഷാംശങ്ങളെ കണ്ടു വ ൎണ്ണിച്ചിരിക്കുന്നു—

൧. മത്തായി (ലെവി—മാൎക്ക. ൨, ൧൪. ലൂ. ൫, ൨൭.) മു മ്പെ ചുങ്കത്തിൽ സെവിച്ചു കണക്ക് എഴുതുവാൻ ശീലിച്ചാറെ യഹൂദൎക്കു പ്രകാരം ഒരു വിധമായ ഭംഗി ഉണ്ടായിട്ടെങ്കിലും. പ ഴയനിയമത്തെ വായിച്ചും അനുസരിച്ചും കൊണ്ടു ദെവഭക്തനാ യി ഇസ്രയെലിൽ കണ്ടു വാഗ്ദത്തസ്ഥലനാക്കി—നിനെവത്തിൽ അവന്റെ ... തന്റെ ജനനം വചനം ക്രിയകാണ്ഡങ്ങളെയും

ങ്ങൾ ഇത്യാദികളാൽ പഴയനിയമത്തെ പൂൎവ്വം നിവൃത്തിച്ചു
പ്രകാരം യഹൂദക്രിസ്ത്യാനരുടെ ഉപകാരത്തിന്നായി എഴുതി
വെച്ചതിനാൽ കാൎയ്യങ്ങളുടെ ക്രമം അവന്റെ സുവിശേഷത്തിൽ ഭേ
ദപ്പെടുന്നു-

യോഹന്നാൻ മാൎക്കൻ അമ്മയുടെ വീട്ടിൽ വെച്ചു യേശുവെയും
(മാ. ൧൪, ൫൧) അപ്പൊസ്തലന്മാരോടും (അപ. ൧൨. ൧൨)
പരിചയം ഉണ്ടായശേഷം പൌൽ ബൎന്നബാ എന്നവരോടു കൂടി
സുവിശേഷത്തെ പരത്തുവാൻ തുടങ്ങി - പിന്നെ പേത്രന്റെ
മകനായി വന്നു (൧ പെ. ൫, ൧൩) അവന്റെ വായിൽനിന്നു
കേട്ടപ്രകാരം ഇസ്രയെൽ മഹാരാജാവിന്റെ അതിശയമുള്ള
ശക്തിക്രിയകളെ എഴുതിവെച്ചിരിക്കുന്നു - യഹൂദാസിംഹത്തി
ന്റെ പ്രത്യക്ഷതയും ഓട്ടവും ഗൎജ്ജനവും വാഴ്ചയും അതിൽ പ്ര
ത്യക്ഷം കാണുന്നു-

ലൂക്കാ വൈദ്യൻ അന്ത്യോഹ്യയിൽ യവനന്മാരിൽനിന്നു ജ
നിച്ചു (ലൂക്ക്യൻ. അപ. ൧൩, ൧. കൊലൊ. ൪, ൧൪.) താനും വചന
ത്തെ യേശുവെ മയത്തിൽ കണ്ടു (യോഹ. ൧൨, ൨൦.) ജീവിച്ചെഴു
ന്നീറ്റവനോടു കൂടെ സംഭാഷണം കഴിച്ചു (ലൂ. ൨൪, ൧൮.) ശിഷ്യ
നായശേഷം പൌലൊടു കൂടെ യാത്രയായി അവന്റെ സുവിശേ
ഷവിവരവും ഗലീലക്കാർ-യരുശലെമ്യർ മുതലായവർ പറയു
ന്ന യേശുകഥകൾ കേട്ടു വിവേകത്തോടെ ചേൎത്തെഴുതി - അ
വൻ ഇസ്രയെലിന്നു പ്രത്യക്ഷം വരുന്ന നാളിന്റെ നടുവി
ങ്ങ് ആകാശത്തിലായ സ്വൎഗ്ഗാരോഹണത്തെയും ദൎശിച്ചുവന്ന മനു
ഷ്യപുത്രന്റെ ജനവാത്സല്യവും (ലൂ. ൧൫) ദിനത്തിൽ നാനാ
ഗവും കലഭേദം ഇല്ലാതെ (ലൂ. ൧൦, ൩൦) ദേഹത്തിന്നും
ദേഹിക്കും ചികിത്സിക്കുന്ന യത്നത്തെയും വിവരിച്ചു കാട്ടുന്നു
ഉള്ളതാകുന്നു അവന്റെ സുവിശേഷം നാട്ടും ഉപദേശം ആകു-

നാലാം സുവിശെഷം യൊഹനാന്റെ കൃതി തന്നെ - അവൻ ജബദി ശലൊമ എന്നവരുടെ മകനായി സ്നാപകനുശിഷ്യനായിവാണശെഷം വെളിച്ചാഹത്താൽ യെശുവിന്റെ ശിഷ്യന്മാരിൽ ഏകദെശം ഒന്നാമനായിരിൻ (യൊ. ൧, ൩൫) - കൎത്താവു കെഫാവെയും അവനെയും സഹൊദരനൊടു കൂടെ പ്രത്യെകം തെരിഞ്ഞെടുത്തു ഉറ്റ ചങ്ങാതിയെ പൊലെ സ്നെഹിച്ചു ഹൃദയത്തിന്റെ ഉള്ളു അവന്റെ മുമ്പാകെ വികസിച്ചുകാട്ടി കെഫാവെ ക്രിയെക്കു പ്രമാണമാക്കിയച്ചതുപൊലെ യൊഹനാനെ ജ്ഞാനവൃദ്ധിക്കു മുമ്പനാക്കി വെച്ചിരിക്കുന്നു -

അതുകൊണ്ടു സുവിശെഷകർ മൂവരും ഗാലില്യവൎത്തമാനങ്ങളെ പ്രത്യെകം വൎണ്ണിച്ചതിന്റെ ശെഷം അവൻ പിതാവിന്റെ നിത്യപുത്രനും വെളിച്ചവും ജീവവചനം ഇവിട്ടിൽ വന്ന കാരണവും സ്വന്തക്കാർ അവനെ യരുശലെമിലും മറ്റും വെച്ചു വെറുത്തവാറും കൈക്കൊണ്ടവർ അവനാൽ ദെവപുത്രന്മാരും നിത്യജീവന്റെ അവകാശികളും ആയ വണ്ണവും മറ്റുള്ള ദിവ്യൊപദെശങ്ങളെയും സഭയുടെ ഉപകാരത്തിന്നായി എഴുതി വെച്ചതിനാൽ ഭൂമിയെ വിട്ടു ദിവ്യപ്രകാശത്തിന്റെ ഉദയവെട്ടത്തെ നൊക്കുന്ന കഴുകിന്റെ നാമം അവന്നു ലഭിച്ചിരിക്കുന്നു -

ഇവ്വണ്ണം നാലുപെരും വെവ്വെറെ എഴുതിയതു ഏക സുവിശെഷം ആകുന്നതാകുന്നു - നാലുകൊണ്ടും ഏക സംഗ്രഹം ആക്കിതീൎത്തവർ പലരും മനുഷവാക്കു ഒന്നും ചെൎക്കാതെ ദൈവാത്മാവിന്റെ വാക്കുകളെ മാത്രം ഒരൊരൊ പ്രകാരത്തിൽ കൊൎത്തു ഉത്തമമാലകളെ ചമെച്ചിരിക്കുന്നു - ഞാൻ വ്യാഖ്യാനങ്ങൾ ചിലതും ചെയ്വാൻ വിചാരിക്കകൊണ്ടു സുവിശെഷങ്ങളിൽ കാണുന്നതെല്ലാം വിവരിച്ചുവരുവാൻ സ്ഥലം പൊരാ എന്നു വെച്ചു ഒരൊരൊ കഥകളുടെ സന്ധികളെയും സംബന്ധത്തെയും പ്രത്യെകം സൂചിപ്പി

ച്ചുകൊള്ളുകയും-എങ്കിലും കൊളുത്തുകറികളെഴുത്ത(–) അറിയിക്കുന്ന
വെദവാക്യങ്ങളുടെ അക്കരെ അകാരണത്തൊടും പരമാൎത്ഥതെപ്പൂ
രന്മാൎ അതാതിന്റെ സ്ഥലത്തിരുന്നു നൊക്കി വായിപ്പാൻ വ
ളരെ അവെക്ഷിക്കുന്നു-ഇത് സ്വസ്തിശെഷത്തിന്ന പകരമായിപ്ര
മാണമാകുവാൻ അല്ലല്ലൊ സ്വസ്തിശെഷവാചനെക്ക അല്പം സ
ഹായിപ്പാൻ അത്രെ ഭാവമെഴുതിയിരിക്കുന്നു--

പ്രഥമകാണ്ഡം

യെശുവിന്റെ ഉല്പത്തി

൧., യെശു ജനിച്ച ദെശവും കാലവും

സമസ്ത സൃഷ്ടിയുടെ നാഥനായ യെശു ഉലകിൽ പിറന്നും തന്റെ ദെഹം
കൊണ്ടും ഉള്ളതു നാട്ടു കനാൻ തന്നെ ആകുന്നു — ഇസ്രയെൽ മനുഷ്യ
ജാതിയുടെ സാരാംശം ആകുന്നതു പൊലെ കനാൻ സൎവ്വഭൂമിയു
ടെ സാരാംശം തന്നെ — അതു ആസ്യ അഫ്രിക്ക യുരൊപ എന്ന
മൂന്നു ഖണ്ഡങ്ങൾക്കും നടുവിൽ ആകകൊണ്ടു അശ്ശൂർ ബാബെൽ മുതലായതുകളുടെ ഉന്നതഭാവ
വും മിസ്രയിലെ ദെവബൊധവും ഇന്ദ്യാനഗൎവ്വവും രൊമിന്റെ
പൂൎവ്വാപര സമൃദ്ധിയും യവനന്മാരുടെ നാനാ ഭാഷകളുടെ പുഷ്ടിയും
കൂട്ടം അടുക്കയെന്നൊ ഉദിക്കിന്നുകൊണ്ടിരുന്നു — ഇവരൊട് ഇസ്രയെലി
നു പലപ്രകാരം സംസൎഗ്ഗം ഉണ്ടായിരിക്കിലും ആച്ഛാദിക്കുന്ന മല
പ്രദെശത്തിന്നു വടക്ക് ലിബനൊൻ ഹെൎമ്മൊൻ എന്ന വന്മലകളും
കിഴക്കും തെക്കും മരുഭൂമിയും പടിഞ്ഞാറു കടലും ആകകൊണ്ടു ജാതിക
ൾ തങ്ങളെ കൊട്ട പൊലെ ബാധിക്കാതെ ആയുധന്മാരൊട് അടുത്തു നില്പാ
ൻ എല്ലാവൎക്കും ഉണ്ടായിരുന്നു — പിന്നെ ഇസ്രയെൽ അഹൊവവനിൽ
ഭിന്നമായി പൊരുതുന്നതു വെളിച്ചത്തിൽ പെട്ടു ആയി സ്വഭാ
വത്താൽ അശ്ശൂർ മിസ്ര ബാബെല്യൎക്കും വശമാകി കിഴക്കൊട്ടു സി
റിയൊയത്തിന്റെ ശെഷം ദൈവം പാൎസിക്കാരെ കൊണ്ടുവന്നു
രക്ഷ വരുത്തി (ക്രി. മു. ൫൩൮) ... യവന സാമ്രാജ്യ
ത്തിൽ ... അനന്തരം യഹൂദർ പട്ടണങ്ങളൊ
രാജ്യങ്ങളിലും ചിതറിക്കിടക്കുന്ന യഹൂദർ ദൈവത്തിന്റെ നാമവാ
സനയെ പരത്തുവാൻ ഇടവന്നു — യവന സാമ്രാജ്യത്തിന്റെ
ശെഷം ... പുതിയ വാഴുന്ന ... അവരെ ദെവയ

മ്മന്റെ ... തന്നിന്നു ... സിമ്മൊൻ ഇവിഞ്ഞലെപ്പൻ (ക്രി. മു. ൧൬൭)
അവരൊടൊരൊരാജ്യമക്കാബ്യർ സ്വാതന്ത്ര്യത്തിന്നു വേണ്ടി ഇവർ
യുദ്ധം ചെയ്തു ആവൊളം ജയിച്ചു യഹൂദരാജ്യത്തെ പുതുതാക്കി സ്ഥാപി
ച്ചു ... ഒരൊ ... ചെയ്തു—
അനന്തരം ഒർ അനേക ... ഉണ്ടായി വർദ്ധിച്ചു പറിശർ സദൂക്യർ എസ്സെ
ന്യർ എന്നു മൂവകക്കാരത്രെ തന്നെ

പറിശർ എന്ന വാക്കിന്നു വകതിരിക്കുന്നവർ എന്ന അർത്ഥം ആകുന്നു—
അവർ ശുദ്ധാശുദ്ധങ്ങളെ വളരെ വിവരിച്ചു യവനരെ മാത്രം അല്ല
ജാതിമര്യാദകളെ എല്ലാം മാത്രം ആശ്രയിക്കുന്ന സ്വജനങ്ങളെയും ദുഷ്
വൻ വേദജ്ഞാനമില്ലാത്തവരോടും സംസർഗ്ഗം വർജ്ജിച്ചു മോശധർമ്മത്തെയും പ്രവാ
ചകപുസ്തകങ്ങളെയും ആശ്രയിച്ചതു ഒഴികെ വൈദികന്മാരുടെ ഉപാ
ഖ്യാനം മുതലായ പാരമ്പര്യന്യായവും മാനുഷ വെപ്പുകളും ദൈവി
കം എന്നു വെച്ചു അവലംബിച്ചു ജീവനെയും ആത്മാവെയും അല്ല
അക്ഷരത്തെ പ്രമാണമാക്കി സേവിക്കയും ചെയ്തു— അവരോടു സദൂക്യ
ർക്കു നിത്യവൈരം ഉണ്ടു— ആയവർ ചാദൊക്ക് എന്ന ഗുരുവെ ആശ്രയി
ച്ചു മോശധർമ്മത്തെ വൃത്തിച്ചാൽ മതി പ്രവാചകമൊഴികളും മാനു
ഷ വെപ്പുകളും മറ്റുമനങ്ങളും വെണ്ടാ ഗുണം ചെയ്താൽ ഗുണം വരും
ദർശനം ദേവദൂതന്മാർ ആത്മാവിൻ ഉയിർപ്പു മുതലായ അതിശയങ്ങളെ കുറി
ച്ചു സംശയിച്ചാലും പരിഹസിച്ചാലും ദോഷം ഇല്ല എന്ന പ്രകാരം ന
ടക്കുന്നു; യവനന്മാരുടെ വിദ്യകളിലും ആചാരങ്ങളിലും സാരമുള്ള
തും ഉണ്ടു എന്നവരോടു ലോകപ്രകാരം ചെയ്തു ഉണ്ടാകവാൻ മടിക്കുന്നത
ഇന്നിതു എന്ന സ്ഥലത്തിലും ലൌകിക സ്വാതന്ത്ര്യത്തിൽ ...
പ്രധാനഭാഗങ്ങളും മര്യാദയോടെ അനുഭവിച്ചു പോന്നു- അവർ
മിക്കവാറും ധനവാന്മാരും സ്ഥാനികളുമത്രെ-

ഹെസ്സെനർ (എസ്സെയർ) എന്ന മൂന്നാമത്തെ വകക്കാരിൽ ൪൦൦൦ പുരുഷ
ന്മാർ ഉണ്ടായി രാജ്യവും പള്ളിയും ആലയവും ... വിട്ടു ...

ലോകം വിട്ടവർ യോഗികളായി ഏകാന്തത്തിൽ ധ്യാനിച്ചുവരികം-
(ഇവരിൽ പറിശന്മാർ പ്രത്യേകം യെഹൂദവെപക്ഷമുള്ളവരാകുന്നവരും ചു
ദ്ദൂർ അവന്റെ പുനരുത്ഥാനത്തെ തർക്കിച്ചവരും ആയിരു
ന്നിരുന്ന് അനേകം സംഭവിച്ചു മഹാനീതിശേഷത്തെ കണ്ടാറും ഒട്ടേറും ഇല്ല)

ഇങ്ങിനെ ഇസ്രയെലെന്ന ജനങ്ങൾ ദൈവകാൎയ്യം പൊരുന്തി ... ന്നിൽ
ഇടഞ്ഞു സഹോദരകലഹം തുടങ്ങിയപ്പോൾ രോമസേനാപതിയായ
പൊമ്പെയ്യൻ വന്നു ചാടി അരംഭിച്ചു യൂദയെ അടക്കിവെച്ചു ന-
അന്നു മുതൽ യൂദർ രോമസാമ്രാജ്യത്തിൻ കീഴടങ്ങി വന്നു-
അതു പരിശന്മാർക്ക് അസഹ്യം തന്നെ- അന്യന്മാർക്ക് ഉള്ള ദാവീദ്യ രാജമ
ശിഹൊൻ എന്ന ... വാഴുവാൻ അവകാശം എന്നു വെച്ചു രോമരോടു
ശത്രുക്കളായിരുന്നു മുതലായതിൽ സെവിക്കുന്ന ഹെരോദ്യരെ
ഒക്കെയും ദ്രോഹികളാക്കി- ഹിന്നൊമ ദൈവസ്ഥാപനമഹാസാ
മൎത്ഥ്യത്താലെ രോമമഹാത്മാക്കളെ വശീകരിച്ചു വരികയവനായി (ക്രി
സ്തുവിന്നു മുമ്പെ ൪൦ ആം) യെരുശലേമിലെ ... ഇടക്കിയ ഇഗ്രസ്സ
ൻ കൈസരുടെ കീഴിൽ വാണ രോമയവനന്മാർക്ക് മൂലസ്ഥാനമായി
കൈസൎക്കു പട്ടണവും ദൈവവും ഉണ്ടാക്കി അന്യയനിമിത്തം മക്കാബ്യ
വംശത്തൊടു മൂലച്ഛേദം വരുത്തി ഇസ്രയെലിൽ ഉൽകൃഷ്ടന്മാരെയും
സ്വപുത്രന്മാരെയും കൊന്നു പ്രജകളും ഒട്ടുമിൽ കൈസൎക്കും നി
രസം ജനിപ്പിച്ചു നടന്നു- യഹൂദർ എല്ലാവരും കൈസൎക്കു സത്യം ചെ
യ്യേണം എന്നു കല്പിച്ചപ്പൊൾ പരിശന്മാർ ൬൦൦൦ ആൾ ലോകം വെർ
മാത്രം ഇതു ദൈവനിഷേധം എന്നു വെച്ചു നിരോധിച്ചു- ... കൊണ്ടു
പിഴ കല്പിച്ചപ്പൊൾ രാജാവിന്റെ സഹോദരഭാൎയ്യ ... അവൎക്കു വെ
ണ്ടി കൊടുത്തു അവരും ദൈവത്താൽ രാജത്വം നിനക്കും സന്തതിക്കും
ലഭിക്കും എന്നുള്ള പ്രവാചകം പറകയാൽ രാജാവ് അനേകം പരിശ
ന്മാരെ നിഗ്രഹിച്ചു ബന്ധുക്കളിലും ... ചെയ്തു- പിന്നെയും
... വധിക്കിച്ചാൻ അവന്റെ ... ക്രമത്താലെ ...

ത്തിചേലങ്ങളിലും മശീഹാവംശം വന്നു ഔദാര്യമെന്നും
രോമരെക്കുറിച്ചിട്ടു സ്വാതന്ത്ര്യം വരുത്തിയാൽ കൊള്ളാം എന്നു പ്രജ
കൾ സാധാരണമായി ആശിച്ചുകൊണ്ടിരുന്നു - പാപത്തെ നീക്കി ഹൃദയസ്വാ
തന്ത്ര്യം വരുത്തേണം എന്നു ചില സാധുക്കൾ ആഗ്രഹിച്ചതെ ഉള്ളു - ലൌ
കികന്മാരായ് ഗ്രഹിച്ചു സ്വാൎത്ഥത്തിന്നു തന്നെ സമയം എന്ന ശേഷം ജാതികളി
ലും ഒരു ശ്രുതി തിരിഞ്ഞുവരുന്നു -

ആ രാജ്യം നാല് അംശമായിക്കിടന്നു - തെക്കു യഹൂദനാട്ടുമലകളു
ടെ ഉയരത്തിലുള്ള യരുശലേം നഗരം ദൈവാലയത്തിന്റെ നിമിത്തം സകല
യഹൂദന്മാൎക്കും മൂലസ്ഥാനം തന്നെ - യഹൂദനാട്ടുകാരും ആ നഗരക്കാരും ശ്രേ
ഷ്ഠരും ദൈവം ഇങ്ങു വസിക്കുന്നു എന്നു നിശ്ചയിച്ചു എല്ലാവരെക്കാളും അ
ധികം വാശി പിടിച്ചു തെളിഞ്ഞു പുറജാതികളെ വെറുക്കുന്നവർ തന്നെ -
അതിന്റെ വടക്കെ ശമൎയ്യനാടുണ്ടു - അശ്ശൂര്യരായ ഗോത്രങ്ങളുടെയും
സങ്കലമായ സമൎക്കം യഹൂദരിൽ നിത്യമത്സരം ഭാവിക്കുമാറുണ്ടു - പി
ന്നെ അശ്ശൂർരാജാവു വരുത്തിയ അന്യജാതികൾ ആണും (൨ രാ. ൧൭, ൨൪-
൪൧) കുടിയേറിയതിൽ പിന്നെ വേദവും യഹോവാസേവയും ഇടകലൎന്നപാ
ൎത്തു യഹൂദരോടു പിണങ്ങിവാദം (നെ. ൧൩, ൨൮) ഗെരിസീം മലമേ
ൽ ഒരു ദൈവാലയം ഉണ്ടാക്കി മോശധൎമ്മശാസ്ത്രം മാത്രം വേദമാക്കിയും ഉപ
ദേശിച്ചും കൊണ്ടിരുന്നു - മകാബ്യർ അതിനെ ഇടിച്ചുകളഞ്ഞ ശേഷ
വും ആ മലമുകളിൽ ആരാധന നടന്നു (യോ. ൪) ഇന്നുവരെയും നടക്കു
ന്നു - ഇവൎക്കും യഹൂദൎക്കും ഉള്ള കുലവൈരം പറഞ്ഞുകൂടാ - യോസേഫി
ൽനിന്ന് ഒരു മശീഹ ഉണ്ടാവിക്കും എന്ന് അവരും കാത്തിരുന്നു -- ശമ
ൎയ്യക്കു വടക്കു ഗലീലനാടുണ്ടു - ആയവ ഏറ്റവും ... മലയും
യിലിടങ്ങൾ നിമിത്തം പുറജാതികൾ ഇടകലൎന്നു വസിക്കുന്നു
യെല്ലാതായിരുന്നു (യശ. ൯, ൧) അവിടെ നിന്നു യഹൂദരി
ലെ ദൈവാലയത്തിനും ധൎമ്മോപദേശത്തിന്റെ ഉറവിന്നും
ദൂരത്തുള്ളതല്ലാതെ ശമൎയ്യരെക്കാൾ ഒരു നാട്ടുച്ചുവർ ...

ലെനില്ക്കുന്നു — അതുകൊണ്ടു പറീശർ ചദൂക്യർ മുതലായവരുടെ ഭിന്നഗതികളിൽ ഉൾപ്പെടും കുറഞ്ഞൊന്നു ചെലവുഷവും ശാസ്ത്രവിജ്ഞാനവും കാണാതെ സാധുക്കളിൽ ദൈവഭക്തിക്കു അധികം ഇടം ഉണ്ടായ്യുന്നു — ഈ മൂന്നു നാടുകളും യർദ്ദന്റെ പടിഞ്ഞാറെ തീരത്തത്രെ — അക്കരനാട്ടിന്നു പരായ്യ എന്ന പേർ ഉണ്ടു — അതിലും പുറജാതികൾ യഹൂദരുടെ ഇടയിൽ പാർക്കുന്നുണ്ടു — പരായ്യയുടെ വടക്കിഴക്കെ അംശം മുമ്പെ യായിർ സ്ഥാനം എന്നും പിന്നെ ബാശാൻ എന്നും ഇതുരയ്യ ത്രഖൊനിത്തി എന്നും വെവ്വേറെ ഉള്ളതു — അതിൽ (ദെകാപൊലി) ദശപുരം എന്നുള്ള ൧൦ പട്ടണങ്ങളിൽ യവനന്മാരും രോമരും കൂടികെറിപാർത്തതിൽ സർവ്വത്ര ചെറുപുരാണങ്ങളും രക്ഷിച്ചു കൊണ്ടിരുന്നു

ഇങ്ങിനെ മശീഹ പ്രത്യക്ഷനാകുന്ന സമയം നാം കാണുന്നിടത്തും ഒരു കാലം അകലവും ആയ കനാൻ ഭൂമിയിൽ സത്യവാദികളുടെ ദ്വേഷ ജാതികളും പാതി ഇസ്രയേലർ ആകുന്ന ശമര്യരും ഭ്രഷ്ടരായ ചുങ്കക്കാരും ജാതി സംസർഗ്ഗം നിമിത്തം ഗലീലപരായ്യക്കാരും യഹൂദയിലെ ശുദ്ധയഹൂദരും പരീശന്മാർ എന്നുള്ള അതിശുദ്ധയഹൂദരും വസിക്കുന്നതിൽ ശ്രോയ സുറിയാണി ഭാഷ മുഖ്യമായും യവനഭാഷയും നടന്നുവരുന്നു — മെല്പെട്ടു രോമകൈസർക്കും നാടുവാഴികൾക്കെദൊർമ്മ്യം തന്നെ നടക്കുന്നു

൨.) ദൈവാവതാരം (യൊ. ൧. ൧ - ൧൮)

ദൈവത്തെക്കൂടാതെ മനുഷ്യനും ഇല്ല മനുഷ്യനെക്കൂടാതെ ദൈവവും ഇല്ല എന്നു സൃഷ്ടിശേഷത്തിൽ വിളങ്ങിയ തെളിവ് സത്യം തന്നെ — അതിന്റെ അർത്ഥം ആയതു ദൈവം തന്നെ വെളിപ്പെട്ടു മനുഷ്യനെക്കൂടാതെ ഒന്നാളും ഇരുന്നില്ല — ദൈവം നിത്യനായ സ്നേഹം തന്നെ — ആകയാൽ അവൻ സ്നേഹിക്കുന്നതിന്നു ഒരുത്തനെ അനാദിയായിട്ടു തന്നെ വെണ്ടു — അവൻ അനാദിയായി സ്നേഹിച്ചതു ഹൃദയസ്ഥനായ പുത്രനെ തന്നെ — അവൻ മനുഷ്യനായിട്ടു

ഉണ്ടാകുന്നവൻ ആകയാൽ അവനിൽ കൂടി സകല ജ്ഞാനിയെയും
ദൈവം അനാദിയായി സ്നേഹിച്ചിരിക്കുന്നു*. ഇങ്ങിനെ ദൈവത്തി
ന്റെ ജ്ഞാനമായും അറിവായും (എഫെ. ൧, ൯), ഇതുകൊണ്ടു ദൈവം
ലോകത്തെ സൃഷ്ടിച്ചു മനുഷ്യവംശത്തെ വക്ഷിക്കും രക്ഷിക്കും പി
ന്നെയും സംഹരിക്കും എന്നുള്ള വിവരം. ആ ജ്ഞാനം അത്രെ — നമ്മുടെ
ദൈവവും ഇനി നമ്മുടെ ജാതിയും നിത്യജീവനാൽ കെട്ടിക്കിടക്കു
ന്നു. ഇതിന്നു മനുഷ്യനോടു വചനം ഉൾക്കൊള്ളുന്ന എന്നുള്ള മഹാ വാക്യം
തന്നെ

വചനം എന്നതിന്റെ അൎത്ഥം എങ്കിലോ — പഴയനിയമത്തിൽ
യഹോവയുടെ പ്രധാനത്വത്തെ കാണിച്ചതിന്റെ ലക്ഷണം സംഖ്യയാ
കുന്നതാകും. അവനിൽ ഉണ്ടായിരിക്കുന്നതിനാൽ അവൻ സൃഷ്ടി ആകു
ന്നു കാണിച്ചു — പിന്നെ ദൈവം മോശെക്കു തന്റെ തെജസ്സിനെ
ഉണ്ടാക്കിയ യഹോവ നാമം അറിയിച്ചു (പുറ. ൩൩, ൧൮ — ൨൩)
ഇങ്ങിനെ സൃഷ്ടികളെ മെലുള്ള ദൈവസ്വരൂപത്തെ ആയി (എശ. ൬൩,
൯) ഇസ്രയെലിന്റെ മദ്ധ്യസ്ഥനായും ദൈവദൂതൻ എന്നും വ
ചനത്താൽ സൃഷ്ടിക്കും (സങ്കി. ൩൩, ൬) രക്ഷയും (യശ. ൫൫, ൧൧) സംഭ
വിക്കുന്നു എന്നും ദൈവത്തിന്റെ ആത്മാവിനാൽ ജ്ഞാനസംപത്തി
നെ (യൊബ. ൨൮, ൧൨ ff. സദൃ. ൮, ൨൨ ff.) ലോകാരംഭത്തിൽ ആദി
യിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ആ ലോകസകല
വും പണിചെയ്കയിൽ കാണിച്ചിരിക്കുന്ന വചനത്തിൽ പ്രത്യക്ഷമായ
തും കാട്ടുന്നു എന്നും ദൈവപുത്രന്റെ നാമം എന്തും അത്രെ ഏകന്നും
(സദൃ. ൩൦, ൪) മറ്റും പലതും പ്രവാചകന്മാർ വെളിപ്പെടുത്തി ചെയ്തി
രിക്കുന്നു — അനന്തരം യഹൂദന്മാരുടെ റബ്ബിമാർ പലരും ദൈവത്തി

---

*) സകലവും അവനാൽ ഉണ്ടായി ഒന്നും അവനെ കൂടാതെ ഉണ്ടാ
യതും ഇല്ല — ഉണ്ടായിട്ടുള്ളത് അവനിൽ ജീവൻ ആയിരുന്നു — ആ ജീവൻ
മനുഷ്യരുടെ വെളിച്ചമായിരുന്നു (യൊ. ൧, ൩. ൪) എന്നത്രെ യൊഹന്നാൻ.

നാശകന്മാരാകുന്ന അവരെ വെളിപ്പെടുത്തുന്ന വചനം. ഉണ്ടായി
നാം പിതാവ് അവരെ നമുക്ക് ശേഖരിക്കുന്നതുകൊണ്ട് ഒരു പിതൃത്വം
ചകലമാകിൽ ആവസിച്ചും ഇസ്രയേൽ ദൈവപുത്രനാകിയ മകനും
ഉണ്ടാകുന്നു (രോമ. ൯, ൪) ആകുന്നു. അതിൽ ദേശം ശേഷിച്ചിരുന്നു

ഹാനോക്കിനെ സകലമനുഷ്യരെയും പ്രകാശിപ്പിക്കുന്ന വെളിച്ചം
താൻ ഉണ്ടാക്കിയ ലോകത്തിൽ വന്നു വാഴുന്നതുപോലെ (യോ. ൧,
൯) അവൻ കൂടാരത്തിൽ എന്നപോലെ ദേഹത്തിൽ വസിച്ചും. ത
ന്റെ തേജസ്സാകുന്ന കരുണാസത്യങ്ങളെ ഉപദേശിച്ചും. താൻ അറി
കിൽ കാണുന്നവരെ ഒക്കെയും അവർക്കു പ്രാപ്തിയും കൊടു
ത്തും. കൈക്കൊള്ളുന്നവരെ ഒക്കെയും ദൈവപുത്രന്മാരാക്കു
വാൻ തന്നോടു ചേർത്തുകൊള്ളുവാനായി വരുന്നു

സ്നാപകനായ യോഹന്നാന്റെ ഉല്പത്തി (ലൂ. ൧)

ഇസ്രയേലിൽ പ്രവാചകരും ലൌകികരും ഒഴികെ ദൈവംവലരും ഇല്ലാ
ഞ്ഞും. ഒരു ഒരു യുദ്ധങ്ങളെ ഉണ്ടാക്കിയ രാജ്യം. രോമ്യാധികാരത്തിലു
ള്ളവരിൽ നിന്നു ഉളവായ പ്രത്യാശയെ അവരിൽ ആകെ പൊലിച്ചു - ഇസ്രയേലി
ന്റെ വിഷയങ്ങളെ ഭിന്നിപ്പിച്ചു. പിതാവായ അബ്രഹാമും മോശെ
യും അറിഞ്ഞിരുന്ന (രോമ. ൯, ൪) ആക്കിയും നാശിവംശത്തിന്റെ
ദുംശം പിരിച്ചു നിക്കുന്നതിലും മാത്രമല്ല മറ്റുവലരും ഇസ്രയേലി
ന്റെ രക്ഷയെ കാത്തുകൊണ്ടു അപേക്ഷിക്കുന്ന സമയം. അഹരോ
ന്യരായ ജ്ഞാനികളുടെ മാർഗ്ഗത്തിന്റെ ക്രമത്തിലുള്ള ആയന്നവിന്നു
ആചാര്യഗ്രാമത്തെ (യോശു. ൨൧, ൧൧) വിട്ടുകൂടാം. ഉഴക്കാരുടെ
കൂട്ടരെ (൧ നാൾ. ൨൪, ൧൦) അശലേമിൽ അതിലൊന്നു ആദ്യവും കൊ
ണ്ടുവന്നു സേവകരായിരുന്നു - അവൻ സഖറിയാവെന്നു പ്രാ
ർത്ഥിച്ചുപോരുമ്പോൾ കാട്ടിയപ്പോൾ അവൻ ദൂതനായ പ്രത്യക്ഷ
നായി - അതാർക്കിനാൽ ഒരു സമൂവേലൻ എന്നു അവൻ മുമ്പെ മ
നുഷ്യപുത്രസമനായിരുന്ന ഏലീയാവിന്റെ ആത്മാവിൽ വന്നു (മലാ. ൪, ൫)

ദൈവത്തിന്റെ മുമ്പാകെ നടന്നു(?) എന്നു വിളിക്കപ്പെട്ടു (ലൂക്ക. ൧-൬
-൧൩) മദ്ധ്യസ്ഥനായി ദൈവത്തിനോടു പ്രാർത്ഥിച്ചുവന്നു (ലൂക്ക. ൧. ൧൦)

അനന്തരം അവൻ ആലയത്തിൽ ധൂപം കാട്ടുമ്പോൾ ദൂതൻ പ്രത്യക്ഷനായി ഇപ്ര
കാരം അറിയിച്ചു. നിന്റെ ഭാര്യ എലിശബാ ഒരു പുത്രനെ പ്രസവി
ക്കും. (യഹോവാ കൃപാവാൻ) എന്നർത്ഥമായ യോഹന്നാൻ അവന്റെ പേരാകും.
ഗർഭം മുതൽ വിശുദ്ധാത്മാവു നിറഞ്ഞിരിക്കും. അവൻ ദൈവത്തിന്റെ മുമ്പിൽ (ലൂ
ക്ക. ൧. ൧൫) വലിയവനായി എല്യാവിന്റെ ആത്മശക്തിയോടും കൂടെ മശീഹെക്കു മുമ്പിൽ നടക്കും
ആയി വന്നു (മല. ൪-൫) ജനങ്ങളെ മനന്തിരിയിപ്പാൻ
ക്കിന്നു പാപ മോചനത്തിനായി സ്നാനം ഏല്പിക്കുന്നവനായി പ്രസംഗിക്കും
ആയവനാകും. എന്നു കേട്ടാറെ ഞാൻ വൃദ്ധനല്ലോ എന്നു ചോദിച്ചു. ഇതു
നിമിത്തം അടയാളമായി ഊമനായിരിക്കും എന്നു ദൂതൻ പറഞ്ഞു.
ഊമനായിരുന്നു. അടയാളം സംഭവിച്ചു. അവൻ ജനിച്ചപ്പോൾ സംസാരം
പ്പോൾ തന്റെ വാക്കുകൊണ്ടു ദൈവത്തെ സ്തുതിച്ചു
ദീർഘദർശിയായി ലോകരക്ഷകന്റെ വരവിനെ കുറിച്ചു പാടി
തായി കുഞ്ഞിനെക്കുറിച്ചും ചൊല്ലി

൫.) കന്യകമറിയ (ലൂ. ൧. മത്താ. ൧.)

ആറാം മാസം യോസെഫാരെ മറിയ എന്ന കന്യക ഗലീലനാട്ടിലെ നച
രത്തിൽ വാഴുമ്പോൾ ഗബ്രിയെൽ ദൂതൻ വന്നു സ്ത്രീകളിൽ അധികം
അനുഗ്രഹം ലഭിച്ചവളേ എന്ന സല്ലാപവാക്കു കേട്ടു ശങ്കി
ച്ചപ്പോൾ - നീ മശീഹയെ പ്രസവിക്കും. അവന്നു യേശു (യഹോശു
യെഹോശുവ എന്ന യഹോവാ രക്ഷ(?)) എന്നു പേർ വിളിക്ക
ണം. അവൻ അത്യുന്നതനായി ദാവീദിന്റെ രാജ്യം എന്നേക്കും ഉ
ണ്ടാക്കിയിരിക്കും എന്നു കേട്ടാറെ - ആയതു എങ്ങിനെ ആകും. ഞാൻ
പുരുഷനെ അറിയുന്നില്ലല്ലോ എന്നു ചോദിച്ചപ്പോൾ - ദൂതനാമത്രം
ഉരവാക്കെ കേട്ടു വിശുദ്ധാത്മാവ് നിന്മേൽ വരും. അത്യുന്നതന്റെ
ശക്തി നിന്മേൽ ആവസിക്കും. അതുകൊണ്ടു ജനിപ്പാനുള്ള

ദാവിദിൻ ദെവപുത്രൻ എന്നു വിളിക്കപ്പെട്ടും - എന്നതൊടു കൂടെ
അല്ലാതെ എലിശബെത്തുടെ ഗർഭവാസവും അറിഞ്ഞു ദൈവ
ത്തിന്ന അസാദ്ധ്യമായ്ത് ഒന്നും ഇല്ലെന്ന ഗ്രഹിച്ചും വിശ്വസി
ച്ചു ലൊകാപമാനത്തെ വിചാരിയാതെ ദൈവമഹിമാനത്തെ
സമ്മതിച്ചും ഇതുകൊണ്ടു ദെവമാതൃത്വയൊഗ്യതയെ പ്രാപിക്ക
യും ചെയ്തു -

ഈ വചനം ഉദ്ധരിക്കുന്നു - രണ്ടാം ആദാം സ്വർഗ്ഗത്തിൽ നിന്നുള്ള
കർത്താവാകുന്നു എന്നതു (൧ കൊ. ൧൫, ൪൭ - യൊ. ൩, ൩൧) -
ഉദരത്തിൽ നിന്നു ജനിച്ചു ഉള്ളു ഡം അവൻ ആത്മാവിൽ നിന്നു ജ
നിച്ചു ഉത്ഭവിച്ചു തന്നെ - പുരുഷന്റെ മൊഹത്താലല്ല (യൊ. ൧,
൧൩) സ്ത്രീയിൽ നിന്നു മാത്രം ജനിക്കയാൽ (ഗല. ൪, ൪) വിശുദ്ധി
ക്കു ഒരു കുറവില്ലാതെ സർവ്വമനുഷ്യജാതിയെയും പുതുക്കി രക്ഷിക്കുന്ന
രക്ഷാവായി ലൊകം പ്രവെശിച്ചു

മറിയ തന്നെ ദാവിദ് വംശത്തിൽ ഉള്ളവൾ എന്നു വെദത്തിൽ സ്പഷ്ടമാകു
വാൻ തിട്ടിട്ടില്ല - അതിനെ സൂചിപ്പിക്കുന്ന വചനങ്ങൾ ഉണ്ടുതാനും (അപ.
൨, ൩൦. രൊമ. ൧, ൩. ലൂ. ൧, ൩൨) - എലിശബെത്തവൾ നാസ്രായ
കയാൽ (ലൂ. ൧, ൩൬) മറിയയും ലെവിയിൽ നിന്നു ജനിച്ചവൾ എ
ന്നു ചിലരുടെ മതം - എങ്കിലും യഹൂദസംബന്ധങ്ങളും അവർക
ളുടെ മക്കൾ എന്നവരെ കൊണ്ടുള്ള (൩, ൨൩ - ൩൮) വംശാ
വംശ വാരവും യൊസെഫിന്നു അവളുടെ പൃവ്വസ്ഥിതിയെ കാണിച്ചാ
കുന്നതെന്നു തൊന്നുന്നു

൫. മറിയയും എലിശബെത്തും. (ലൂ. ൧, ൩൯ - ൫൬)

മശിഹായുടെ അമ്മ ആകും എന്നു നിശ്ചയം മറിയെക്കു ഉണ്ടായപ്പൊ
പൂർവ്വിവാഹം നിശ്ചയിച്ചു ഭർത്താവായ യൊസെഫിനോടു പറയാതെ - അ
വനെ കാരണം അറിയിക്കാതെ കണ്ടു പത്തു ദിവസം പഴിച്ചിരുന്നു വൊ
ടിനമാസം പാർപ്പാൻ വന്നിയായ്തന്നെ പൊയി - യൊസെഫി

ന്റെ വംശാവലിയെ മത്തായി (൧,൧) യെശു ക്രിസ്തുവിന്റെ ഉ
ല്പത്തി വൃത്താന്തത്തിൽ എഴുതി ൧൪ തലമുറ കൊണ്ടു അബ്രഹാമിൽ
നിന്നു ദാവിദ്രാജാവൊളം വംശവൎദ്ധനയും ൧൪ തലമുറകൾ രാജാ
ക്കന്മാർ വാണു കഴിഞ്ഞതും പിന്നെ ബാബെലിൽ നിന്നു മടങ്ങി വന്ന
ശെഷം ദാരിദ്ര്യവിനയും ൧൪ തലമുറകളെ കൊണ്ടു കഴിച്ചു
ഒപ്പാ൧൪ ആശാരിയുടെ മകനാൽ കാലപൂൎത്തിയും പുരാണ വാഗ്ദ
ത്തങ്ങളുടെ നിവൃത്തിയും ജനത്തിൽ വന്ന പ്രകാരങ്ങളെ കാണിച്ചി
രിക്കുന്നു

[തലമുറ എന്ന ചൊല്ലിന്റെ കാലവാചിയായ അൎത്ഥം - ലൂ
കാ വെറൊരു വിധത്തിൽ അബ്രഹാം മുതൽ യെശുവരെയും ൫൬ അല്ല
തെ ൧൪ അധികം ആകെ ൭൦ പുരുഷാന്തരമായിട്ടു കാണാം - കാ
ലത്തെ സൂക്ഷ്മത്തോടെ കണക്കാക്കി യെരൂശലേമിന്റെ ശെഷം
അഹസ്യായൊവാശ അമസ്യായൊയാക്കീം മുതലായ നാമങ്ങളെ
വിട്ടു സംക്ഷെപിച്ചെഴുതി - പിന്നെ മൂന്നാം ഇടത്തു ൧൩ തലമുറ
കളെ മാത്രം പെർ വിവരമാക്കി കാണുന്നു - അതിനാൽ വക്കെ
യെശു ൧൪ ആമതും ക്രിസ്തു ചെൎത്തിട്ടെണ്ണുന്നവൻ ൧൪ ആമതും എ
ന്നിപ്പറഞ്ഞതിന്റെയും അവസാനം യരുശലെമിന്റെ നാശം വരെ
ഉള്ള തലമുറ (മത്താ ൨൩, ൩൬. ൨൪, ൩൪) എന്നും സൂചിപ്പിച്ചിരിക്കുന്ന-
തു തലമുറെക്കു ഏകദെശം ൩൦ വൎഷം കണ്ടു അബ്രഹാം ജനനം മുതൽ
ദാവിദ്രാജാഭിഷെകത്തോളം ൧൧൨൦ വൎഷത്തോളം പിന്നെ തലമുറകളുടെ
വൎഷം കണ്ടു പിന്നെയും ൧൧൨൦ വൎഷത്തോളം ഉണ്ടു -]

വംശക്ഷയത്താൽ യൊസെഫ് ആശാരിയായി പൊയിട്ടു എങ്കി
ലും രാജഭാവം എല്ലാം വെടിഞ്ഞവനല്ല - ആശാരിക്കാരന്റെ മറി
യയുടെ അവസ്ഥയെ കെട്ടാരെ ക്ഷണത്തിൽ വിശ്വസിച്ചതും
ഉപെക്ഷിച്ചു പൊയതും ഇല്ല - വിവാഹത്തെ കൂടക്കൊണ്ടു എന്ന
വെച്ചു ഒരു വെളിപ്പാടു കണ്ടവർ ഉപെക്ഷണമിട്ടു കൊണ്ടുപൊവാൻ നി

ശുഭമിച്ചു-

ഇങ്ങിനെ ഇസ്രയെലർ ഒക്കക്കുടുക്കെപ്പും അവമാനവും അകപ്പെട്ടുമാ
റാകപ്പൊൾ ദാവീദ്‌വംശക്കാരായ ഭവിഷ്യാൻ യഹൂദരിലെക്കൂറാ
ത്തൊരുങ്ങിയത്തിൽ നിന്ന് ദാവീദ്‌വംശക്കാരെ സമ്മാനിച്ചു ഉടനെ ചില
ഗുപ്താത്മാദികൾ എങ്ങിനെ ഭൂമുദ്രസംഭവിച്ചതിനാൽ മനഃ
ക്ലെശം എല്ലാം തീർന്ന് - ഗർഭത്തിലും കൂടമഹിമയുടെ വരവ് അറിയിച്ചു
ന് അവന്റെ ആശ്രയത്തെ ദൈവാത്മാവിന്റെ യോഗം ഉണ്ടായി - വാഴ്ക
ഴ്ക്കു കളിൽ അനുഗ്രഹം കൊടുക്കുവാനും അവന്റെ കാൎയ്യത്തിന്റെ
മൂലം തന്റെ വാക്കുകളിൽ ഭവിച്ചതിനാൽ യരുശലെം മദ്ധ്യം കെ
ട്ടപ്പൊൾ മറ്റെല്ലാം അതെ സമ്മതിച്ചു അവൻ ഒന്നാമതായി ഇസ്ര
യെല്ക്കും രാജ്യവംശത്തിനും അന്യശത്രുക്കളാൽ സംഭവിച്ച ആപത്തുകൾ
ഒക്കയും തീൎന്നു വരെണ്ടതിന്നും സകല ജാതികൾക്കും ഒരു പൂൎണ്ണരാജാവായി
ഭവിക്കെണ്ടുന്നവൻ ശുദ്ധമായ ആത്മാവിനോടു കൂട ദുഃഖം
ഏറ്റ് എല്ലാവരുടെ പാപം ചുമക്കയും ചെയ്യും

ഏതെന്നാൽ ദൈവം താൻ അറിയിച്ച ദൎശനത്തിനാൽ (യശ. ൭, ൧൪)
പ്രവാചകന്മാരുടെ തിരുവെഴുത്തിൽ എഴുതിയ പ്രകാരം വഴിപോലെ ആഹാസ്രാജാവിനോടു
ഇന്നവന്റെ കന്യകാപുത്രൻ ദാവിദ് കന്യകാപുത്രൻ തന്നെ
കാട്ടിയപ്പൊൾ അവൻ ഉദരത്തിൽ നിന്ന് എഴുന്നെറ്റു മഹിമയുടെ
ശാരീരമുള്ളവനായി ഇസ്രയെലിന്റെ ഭാരം എല്ലാം തീൎക്കയും മഹിമ
യെ ചെൎത്തുകൊണ്ടു വരുന്ന പ്രസവത്തൊടും കൂടെ ഒരു കന്യക ജനിപ്പിക്ക
യും ചെയ്യും

പിന്നെ യശായാ ദീൎഘദൎശി ദാവീദ് വംശത്തിൽ ജനിപ്പാനിരിക്കുന്നവനായു
ള്ള രാജാവു യിശ്ശായിയുടെ കുറ്റിയിൽ നിന്ന് മുളെക്കും (യശ. ൧൧, ൧)
സൎവ്വജാതികൾക്കു വരമാകുന്ന അവന്റെ അധികാരത്തെ വൎണ്ണിക്ക
യും ചെയ്തു ഈ മുളയിൽ നിന്ന് എല്ലാ ദെശങ്ങളിലും പുത്രൻ രാജ്യത്തെ
നിറെക്കുന്ന വഴിയെ ജനങ്ങൾക്ക് കാണിച്ചു തന്നരുളുകയും ചെയ്തു

യെശുവിന്റെ ജനനം (ക്രി. ൨)

മറിയ ഗൎഭം തികയുമാറായപ്പൊൾ ഭൎത്താവൊട് ഒന്നിച്ചു ബെത്ലെഹെം എന്ന യഹൂദഗ്രാമത്തിലെക്ക യാത്ര ആവാൻ സംഗതിവന്നതിന്റെ കാരണം - രോമസാമ്രാജ്യത്തിൽ സ്വാതന്ത്ര്യം ഒടുക്കി ചക്രവൎത്തിയായി ഉയൎന്ന ഔഗുസ്തൻ കൈസർ സകലയുദ്ധങ്ങളെയും സമൎപ്പിച്ചു ൨൦൦ വൎഷം തുറന്നു നിന്ന യുദ്ധദെവക്ഷെത്രത്തിന്റെ വാതിൽ അടെച്ചുവെച്ചശെഷം (ക്രി. മു. ൨൯) രാജ്യങ്ങളെ ഒരു ക്കൊല്ക്കടക്കി വഴിക്കാക്കുമ്പൊൾ ഒരൊരൊ നാടുകളിലെ നിവാസികളെയും വസ്തുവകകളെയും എണ്ണിച്ചാൎത്തുവാൻ വളരെ ഉത്സാഹിച്ചു. അന്യരാജ്യങ്ങളിൽ നടക്കുന്നതു പൊലെ ഹെരൊദാവും യഹൂദനാട്ടിൽ പെർ ചാൎത്തിച്ചെയ്വാൻ തുടങ്ങി - ജനങ്ങളുടെ നീരസം നിമിത്തം അതിന്നതെ സംവത്സരം നിൎത്തൊന്നനന്തരം ആകിലൊ എന്നിയാല്പം ഹെരൊദാവും മരണം നാട്ടിൽ ആശെഷം അന്ത്യൊസുറിയ നാടുവാഴി ആയ ക്വിരിനൻ കാലത്തിൽ വന്നു ഗലീല്യനായ യഹൂദാ (അപ. ൫, ൩൭) കലഹിച്ചിട്ടും ആചാൎത്തൽ കഴിച്ചു ദെവജ്ഞാനിയെ രോമക്കാരൻ രാക്കിലെക്കാക്കും ചെയ്തിരിക്കുന്നു (ലൂ. ൨.)

ഇങ്ങിനെ മൊശധൎമ്മത്തിൽ മാത്രം അല്ല രോമരാജ്യത്തിലും അകപ്പെട്ടു മറിയ്ക്കാൻ മറിയം ദെവനിയൊഗം ഉണ്ടാകകൊണ്ടു യൊസെഫും മറിയയും ദാവീദിന്റെ ഊരിൽ വന്നു പെർ ചാൎത്തിക്കെണ്ടതിന്നായി ബെത്ലെഹെമിൽ പാൎത്തു - അവർ അഗ്രഹങ്ങൾ നിറഞ്ഞുകിടക്കുന്ന പുരാണങ്ങൾ ഉണ്ടുണ്ടായിട്ട് വെച്ചു മറിയ ശിശുവെ പ്രസവിച്ചതിന്റെ ശെഷം വസ്ത്രമെ ചുറ്റി ആതെ എഴുന്നു നിദ്ര്യനാമം ചിളിച്ചു തൊഴുത്തിൽ കിടത്തി അവന്റെ നാമധെയം പാൎത്തിക്കയും ചെയ്തു

സ്ഥാപനത്തിൽ അല്ല അതിനാൽ വൎഷം ൪ മുമ്പെ ആകുന്നു — ആയതു ൭ ൪൯ ന്റെ ഒടുക്കത്തും റോമനഗരവൎഷം ൭൫൦ാമതും ആകുന്നു — ആയതു ഹെരോദാവിന്റെ ൩൭ാം വൎഷം തന്നെ — മാസവും ദിവസവും അറിയുന്നില്ല ഫെബ്രുവരി മാസത്തിൽ ജനിച്ചു എന്നു വിചാരിപ്പാൻ സംഗതി ഉണ്ടു

൧.) മശിഹയുടെ ആദ്യ പ്രജകൾ (ലൂക്ക. ൨. മത്ത. ൨

ഈ ജനനത്തിന്റെ ദീനതയാൽ ദേവമാനത്തിനു കുറവു വരാതെ വണ്ണം തൽക്ഷണം ഒർ അതിശയം സംഭവിച്ചു — കന്നുകാലികളുടെ മെയ്ക്കുന്നവർ ചിലർ വന്നു ക്രിസ്തുവന്റെ പുത്രനും തൊട്ടിയിൽ കിടന്നും ഉള്ള ശിശുവെ തിരഞ്ഞു കണ്ടു വണങ്ങി സന്തോഷിക്കയും ചെയ്തു — അന്നു യോസെഫും ആശ്ചര്യപ്പെട്ടു ചൊദിച്ചാറെ അവരിൽ വെച്ചു ദൈവതെജസ്സു കണ്ടതും ഒരു ദൂതൻ രാത്രിയിൽ മശിഹയുടെ ജനനം അറിയിച്ചതും മനുഷ്യരിൽ ദൈവപ്രസാദം ഉദിച്ചുവന്നതിനാൽ വാനങ്ങളിൽ ദൈവമഹത്വം ഇങ്ങു ഭൂമിയിൽ സ്വസ്ഥിയും സമാധാനം പുക്കം ഉണ്ടാകുന്നു എന്നു വാനൊരുടെ സ്തുതിഗാനം തങ്ങൾ കെട്ടതും ബോധിപ്പിച്ചു മറിയെക്കും വലതെ യോഗ്യന്മാൎക്കും വിചാരിച്ചു ധ്യാനിച്ചു കൊള്ളാൻ ഹേതു ആയി തീൎക്കയും ചെയ്തു

എങ്കിലും ഇസ്രയെലിൽ നിന്നു മാത്രമല്ല പുറജാതികളിൽ നിന്നും മശിഹയുടെ തൊട്ടിക്കു തൊഴുവാൻ ഒരു കൂട്ടം പ്രജകൾ വന്നു — പാൎസി മെദ ജാതികളിൽ മാഗർ എന്നൊർ ആചാൎയ്യവംശം ഉണ്ടു — (ഇ. സ. നക്ഷത്ര ദൎശ്ശനാഗ് എന്ന വാക്കിന്നു മാഗരുടെ പ്രധാനി എന്നൎത്ഥം ആകുന്നു) — അവർ ചില ബാരാശികൾ അല്ലാക്കൊണ്ടു ഇസ്രയെലിന്റെ ദൈവവും വാഗ്ദത്തവും ഗ്രഹിപ്പാൻ പണ്ടു തന്നെ അധികം ശെരികെട്ട് ഉള്ളൊരായിരുന്നു — ലോകരക്ഷിതാവ് യഹൂദരിൽ ഉദിക്കും എന്നു ചിലൎക്കു ബോധം ഉണ്ടായതിന്റെ ശേഷം നല്ല ആശയോടും അല്പജ്ഞാനം ചെറുക്കകൊണ്ടു മഹാരാജാവി

ന്റെ ജനനം നക്ഷത്രവിശേഷങ്ങളാൽ അറിഞ്ഞുവരുമാറെ അതിനാക്കികൊണ്ടു പ്രമാണലക്ഷണങ്ങളെ അപെക്ഷിച്ചിരിക്കുമ്പൊൾ ഒരിക്കലും കാണാത്ത ഒരു പുതുനക്ഷത്രത്തെ കണ്ടു + (അതു ന്നുമായ നക്ഷത്രം ഒന്ന-൧൮൦ രൊമാബ്ദത്തിൽ കണ്ടുവന്നതു അതിനഗരിതന്നിലും ഉണ്ടു) അതു മാഗർ വിചാരിച്ചു യഹൂദരാജാവു ജനിച്ചു എന്നു ഗ്രഹിച്ചു യാത്രയായി യരുശലെമിൽ വന്നവൃത്തിയാ രാജാവെ കൊവിലകത്ത് അന്വെഷിച്ചു-ഹെരൊദെരാജാവ് ഞെട്ടിപിരെച്ചു ഹെരൊദ്യന്റെ വരിവാരങ്ങളും ഭ്രമിച്ചു-അവൻ മഹാചാര്യരെയും പൌരുഷന്മാരുടെ പ്രമാണികളെയും വൈദികരെയും വരുത്തി മശിഹ ജനിക്കെണ്ടും സ്ഥലത്തെ ചൊദിച്ചാറെ-(മിക-൫,൧) വാക്യത്താൽ അവൻ മുമ്പെ അതിദാരിദ്ര്യത്തൊടെ ഉള്ള ഇടയഗ്രാമത്തിൽനിന്നു പുറപ്പെടും എന്ന ഉത്തരം ചൊന്നതു കെട്ടപ്പൊൾ-മാഗരെ സ്വകാര്യമായി വരുത്തി നക്ഷത്രം കണ്ട കാലവും ചൊദിച്ചറിഞ്ഞു അവരെ ബെത്ലെഹെമിലെക്ക അയച്ചുവിടുകയും ചെയ്തു-രാത്രിയിൽ അവിടെ കിഴക്കെ നക്ഷത്രത്തെ പിന്നെയും കണ്ടു സന്തൊഷിച്ചു ശിശുവെയും അമ്മയെയും കണ്ടതിനാൽ അധികം ആനന്ദിച്ചു ദാരിദ്ര്യാവസ്ഥയാൽ മനസ്സിൽ ഒരു ശല്യവും വരാതെ സാഷ്ടാംഗമായി വണങ്ങി പൊന്നും കുന്തുരുക്കവും കണ്ടിവെണ്ണയും കാഴ്ചവെക്കയും ചെയ്തു-അനന്തരം സ്വപ്നത്തിൽ ഉണ്ടായ ദൈവനിയൊഗപ്രകാരം അവർ യരുശലെമിൽ ചെല്ലാതെ മറെറാരു വഴിയായി സ്വരാജ്യത്തെക്കു മടങ്ങിപ്പൊകയും ചെയ്തു

+) രൊമനഗരാബ്ദം ൭൪൭ മകരമാസം ൧൬ തിയതി മീനരാശിയിൽ ൨൦ാം അംശത്തിൽ ഉദയത്തിങ്കൽ വ്യാഴവും ശനിയും യൊഗം ചെയ്തതും പിന്നെയും വസന്തകാലത്തിൽ ചൊവ്വാ അതു യൊഗത്തിൽ കൂടിയതും അവർ കണ്ടിട്ടുണ്ടായിരിക്കാം -

ഗാമിസ്ത്രിയൊടുകൂടവലായ്മതാം (൧൬-൨)

ശ്രമിന്ന് അകാലത്തും ആയുസ്സിനെ നശിപ്പിക്കുന്നതിന്നു വസ്തുക്കളാ
ൽ അറിഞ്ഞപ്പോൾ ബുദ്ധിമുട്ടുന്നവരെയും ആളുകളെയും കൂ
ട്ടിക്കൊണ്ടു നാലഞ്ചു ദിവസം പട്ടണത്തിൽ (സ്ത്രീ)കളിൽ നിന്നു
ക്കയും ചെയ്തു - മാറാതെ തൊട്ടുവെച്ചു നല്ലവണ്ണം തിന്നുവാൻ
കിട്ടിയല്ലൊ - അവർ മടങ്ങിവരാഞ്ഞു യാതൊരു സംശയം പിന്നെ
ജ്ഞാനമിൽകാണുന്ന ചെറിയ കുഞ്ഞുകുട്ടികളെക്കൊണ്ടുവരാൻ
കല്പിച്ചു - അമ്മമാരും ഉടയവന്മാരും അതിനാൽ വന്നസന്തോഷ
ത്തിൽ വരുമ്പോൾ വന്നുപോയല്ലൊ ദാസ്യത്താൽ എന്നപോ
ലെ (മ.൧൯,൧൪) ഇപ്പോഴും മശിഹനാശത്താൽ സമ്മതി
ച്ചുലം എന്നപ്രകാരം തോന്നി - ഇസ്രയെലമൂയാബനാഥൻ
ജ്ഞാനമിന്ന സമീപത്തുള്ളകളികളിൽനിന്ന (൧.മെ.൨൩,൧൨)
എഴുതിയ ദൃഷ്ടാന്തത്തിൽ ആശാഭംഗം പറഞ്ഞിട്ടെന്നപോലെ
ശിഷ്യന്മാർ തടഞ്ഞിരുന്നു തോന്നി - മശിഹ ഇരിക്കുന്നവനുടയ
മരങ്ങളെപോലയതിനാൽ സാധുക്കളുടെ വിശ്വാസത്തിലിരി
ന്ന പരിജ്ഞാനം ബാലന്മാരായാൽ മശിഹയുടെ നാമം വിളിക്കണം
സമ്മതിച്ചവരെ നമുക്കു ദൃഷ്ടാന്തമായി സങ്കടങ്ങളും
ഒരുമ്പാടിയും ഉണ്ടായി - എങ്കിലും അവർ സഹിക്കുന്ന
കുമിളകൾ എന്നും ആശ്വാസം വരും എന്നും ശിഷ്യന്മാർ
കണ്ടാൽകൂടെ അറിഞ്ഞുവരു (മ.൧൯,൧൫)

അനന്തരം വൃദ്ധനായ ഒരിളങ്കൻ പല രോഗങ്ങൾ വർദ്ധി
ച്ചു മനസ്സിൽ പീഡയും ദുഃഖവും മുഴുത്ത ഉപമകളാൽ സ്ത്രീകൾക്കു
അസഹ്യം അതിക്രമിച്ചുവന്നു - അവൻ ഒരു മരണസ്ഥലത്തോ
ലെ ദേവാലയവാതുക്കൽ സ്ഥാപിച്ചു പൊക്കുളകളിലേക്കു
ശ്രുതം എന്നു വെച്ചു രാജാവിന്നു ദിനം കലശൽ ആക്കിക്കൊ
ണ്ടു ഉടനെ കണ്ടറിഞ്ഞ കാര്യങ്ങൾ എട്ടു ഉപമകളും ചെയ്തു - പക്ഷെ

ഉങ്കൾവന്നിട്ടും അവൎക്കു ഒരു വൈരമില്ല — അന്നു പിടികിട്ടിയ
ദുഷ്ടന്മാരെയും പലരും ബാല്യക്കാരെയും (മാപ്പ്) ഫല്ലിച്ചു
തിനു സമഗ്രഹണം ഉള്ള ഒരു രാത്രിയിൽ അവൻ ദൎശിപ്പി
ക്കയും ചെയ്തു — ഇതിന്നാല ഭയം കൊണ്ടിട്ടു ഒരു പുത്രനെ കൊല്ലി
ച്ചു ഇതുന്നു വെരുന്നവും ക്രോധവും സഹിയാഞ്ഞു ഉയൎന്നൊ
ൻ മരിക്കനായ്പുത്രൻ ഉള്ളതു കൊണ്ടെങ്കിലും പിതാക്കന്മാരെ
അതെന്തു പ്രമാണിക്കുള്ളവരെയും വിഹാരം ഗേഹസാല
ഉം ചെയ്തതെല്ലാ മരണദിവസത്തിൽ കൊല്ലണം എന്നാൽ
സൎവ്വ ക്ഷത്രവംശങ്ങളുടെ കണ്ണുനീരും അനുഭവമായിവരും എ
ന്നു കല്പിച്ചു മരണപത്രികയെ മാറില് എഴുതി വെച്ചു പുത്രനെ
കൊല്ലിച്ചതിന്റെ അഞ്ചാം ദിവസം താനെ മരിക്കയും ചെയ്തു (ക്രി. മു. ൪)

അവൻ കഴിഞ്ഞ ശെഷം സഹോദരിയായ ശലോമ പ്രമാ
ണികളായ ഒരുമിച്ചവരെയും വിട്ടയച്ചു പടയാളികൾക്കു യാനെരമ
രണപത്രികയെ വായിപ്പിച്ചു പരസ്യമാക്കി രാജപുത്രനാ
ൎശവത്തെ പൊൻപെട്ടിയിൽ ആക്കി പ്രാകാർ ഗദ്ദാനർഗല്ല
ൎമുതലായ അനെകം പടിക്കാരും മഹാഘോഷത്തോടും കൂടെ യാത്ര
യായി ശവദാഹനം കഴിപ്പിക്കയും ചെയ്തു — പുത്രനെകനായ
അൎഹലാവു മരണാനന്തരം ഏഴു ദിവസം ദീക്ഷിച്ചതിന്റെ ശെഷം ചെറു
ഒരു മഹാസഭയെ കൂട്ടി ദെവാലയത്തിൽ ആയിരം
ഹാസനത്തിന്മെൽ ഇരുന്നു പുരുഷാരത്തോടു വരത്തു — ...
...മരണപത്രികയെ കൈസർ ഉറപ്പിച്ചു ഒന്നാ
...രാജ്യാവകാശം ... നിശ്ചയം ...
...ദൎശനത്തോടെ പ്രജാസുഖത്തിനായി
...ക്കൊള്ളാം എന്നും മരങ്ങൾ കെട്ടാരെ ചിലർ ന്യായത്തിൽ
വൎത്തികിതിയെ കരെക്കണം. അന്നതിലസിദ്ധിച്ചു ...
ഉള്ളവർ ദുഷ്ടന്മാർ മുതലായവരുടെ കലശൽ ... നഗരം

ക്കൊപത്തിലമിച്ചു തുടങ്ങി അവരുടെ ശുദ്ധത്തിൽ തെക്കുട്ടവരെയും കിട്ടെണം എന്നും മഹാചാര്യനെ മാറെറണം എന്നും മറ്റും ആർത്തുവിളിച്ചും കൊണ്ടു മിലർക്കപ്പെട്ടിഞ്ഞപ്പൊൾ - രൊമയിൽനിന്നു മടങ്ങി വന്നാൽ നിനക്കാം എന്ന ചൊല്ലിനിരിക്കിലും എല്ലാം നാശിക്കലഹത്തെ ദുഃഖെന അമർത്തുവാൻ കഴിയാഞ്ഞു യാത്ര ദക്കകയും ചെയ്തു

ഉടനെ (ക്രി. മു. ൪) പെസഹ എന്ന മഹോത്സവത്തിന്നായി സകലരാജ്യങ്ങളിൽനിന്നും യഹൂദന്മാർ കൂടിയപ്പൊൾ - കലഹക്കാർ ഭിഷുക്കളെ കൊന്നു രഞ്ഞി കുലയെ ചൊല്ലി മിലാവന്ന പ്രതിക്രിയസ്ഥിച്ചു പടയാളികളെ കല്പിച്ചു കൊല്ലുകയും കടിക്കയും ചെയ്തപ്പൊൾ - അർഹലാവു സൈന്യത്തെ അയച്ചു ദെവാലയത്തിന്റെ ചുററും അകത്തും ബലികഴിക്കുന്നെരം ആളുകളെ കൊല്ലിച്ചു ശെഷമുള്ളവരെ നീക്കിച്ചു ഉത്സവത്തെ മുടക്കുകയും ചെയ്തു - അനന്തരം അവൻ സുറിയനാടുവാഴിയായ വാരനെ ഉണർത്തിച്ചു രാജ്യകാര്യം അവകാശമെല്പിച്ചു താൻ ബന്ധുക്കളൊടും കൂടെ രൊമെക്കു പുറപ്പെടുകയും ചെയ്തു [illegible]

ഈ ഉടൻ കൊണ്ടു യൊസെഫ പരദെശത്തുനിന്നു വാർത്ത കെട്ടു ദെവാജ്ഞയാൽ മടങ്ങി വരുവാൻ സംഗതിയുണ്ടായി - ദൈവം പണ്ടു തന്റെ മകനായ ഇസ്രയെലിനെ മിസ്രയിൽനിന്നു വിളിച്ചപ്രകാരം (ഹൊശ. ൧൧, ൧) യെശുവിന്നും ജനനം മുതൽ ലൊകത്തിന്റെ ദാസ്യവിധവും പിതാവിന്റെ ഉദ്ധാരണവും അനുഭവമായി വരെണ്ടതെന്ന ബൊധം ഉണ്ടാകയും ചെയ്തു

൩) ദെവാലയത്തിലെ അർപ്പണം. (ക്രി. ൨)

ദെവപുത്രൻ ഇസ്രയെലിൽ തന്നെ അവതരിക്കയാൽ ജനനം മുതൽ മരണപര്യന്തം ദെവജാതിയുടെ ധർമ്മത്തിന്നും ആചാരത്തിന്നും കീഴിനായി വാണു - തന്റെ അച്ഛനമ്മമാർ എന്ന

പൊലെ അവനും ധൎമ്മത്താലെ ധൎമ്മത്തിന്നു മതിക്കെ ഉള്ളു - ദൈവ
ത്തൊടു സമനായിരിക്കുന്നതു താൻ കവൎച്ച പൊലെ പിടിച്ചില്ല
ല്ലൊ - ആകയാൽ അശുദ്ധിയെ ഒട്ടും ഇല്ലാത്തവൻ എങ്കിലും ജനിച്ച്
എട്ടാം ദിവസത്തിൽ ചെലാകൎമ്മം ഉണ്ടായി അവൻ ഇസ്രയെൽ സ
ഭയുടെ വിശുദ്ധിയുള്ള അവയവം ആയ്തീൎന്നു യെശുവെന്ന നാമധെ
യം ലഭിക്കയും ചെയ്തു

പിന്നെ മിസ്രയിൽ നിന്നു മടങ്ങി വന്നപ്പൊൾ യരുശലെം ദെ
വാലയത്തിൽ ഒരു തെല്ലു നെരം ആയിരുന്നു - അതു അപ്പൊൾ എത്രയും
ശൊഭനമായി നിൎമ്മിച്ചിരുന്നു എങ്കിലും കലപാതകന്മാരുടെ ഉ
പദ്രവാൽ തുടങ്ങി - മൊറിയ മലയുടെ ചുവട്ടിൽ ചുറ്റും ഒരു വ
ലിയ മണ്ഡപം ഉണ്ടായിരുന്നു എങ്കിലും ചുവരും ഇല്ലാത്തു അതെത്രെ സൎവ്വ
ജനങ്ങൾക്കും കൂടുന്ന സ്ഥലം (യൊ. ൧൦, ൨൩) വ്യാപാരികൾക്കും അ
വിടെ ചെല്ലാം - ആ പ്രാകാരത്തിൽ കൂടി നടന്നാൽ നാലുഭാഗം ഉ
യരമുള്ള ചുവർ ഉണ്ടു അതിൽ കൂടി ൧൪ പടി കയറി മെൽ ഇസ്ര
യെൽ പ്രാകാരത്തിൽ കയറി ചെല്ലാം - അതിന്റെ കിഴക്കെ
ഭാഗം സ്ത്രീകൾക്കായി വെറുതി ഉള്ളു - പിന്നെ ഒരു ചുവരിന്മെൽ
കയറിയാൽ ആചാൎയ്യന്മാരുടെ പ്രാകാരത്തിൽ കടക്കാം - അതിൽ
ചെല്ലുന്നവാതിൽ സ്വൎണ്ണമയമായ ചിത്രവേലയുള്ളതു - അതി
ന്റെ നടുവിൽ അത്രെ ദെവാലയം - പൂൎവ്വഭാഗത്തു ൧൦൦ മുഴം നീ
ളം അകലവും ൧൫൦ മുഴം ഉയരവും ഉള്ള പൊൻ മണ്ഡപം ഉണ്ടു അതി
നു ശെഷം ദൊടാതകല്ലുകളെ കൊണ്ടു തീൎത്തായിരുന്നു - ദെവാ
ലയത്തിന്റെ ദീൎഘം ൬൦ മുഴം ഉയരവും അപ്രകാരം അകലവും ഉ
ള്ളതാകുന്നു - പൊൻ തകിടുള്ള വാതിൽ ൭ മുഴം ഉയരം ഉണ്ടു - ശുദ്ധ
സ്ഥലത്തെ കാട്ടുവാതിലിൽ ഒരു സ്വൎണ്ണവൃക്ഷം ഉണ്ടു അതു
ആൾ വലിപ്പത്തിലുള്ള പൊന്മുന്തിരിക്കുലകൾ ഉള്ള ഇലകളോടു കൂടെ കാ
ഴ്ചയായി തൂക്കപ്പെട്ടിരുന്നു (യൊ. ൧൫) ശുദ്ധസ്ഥലത്തി

നകത്തിലന്തിരിക്കും അസ്തസ്ഥിരവും ധ്രുവസ്ഥിരവും ഉണ്ടു - അതി ന്റെ മദ്ധ്യത്തിൽ ഏറ്റം ഉല്ലാസത്തിന്തിശുദ്ധസ്ഥലം ൧൨ മുഴം സമചതുരമായിരിക്കും - പരദേശത്തിന്നവന്ന നോക്കിയാൽ മല മുഴുവനും ഹിമമയമായി വെളുത്തുകാണുന്ന മിന്നക്കിയകല്ലിന്റെ വിശേഷതയാൽ തന്നെ - ദേവാലയം പൊന്മയമായും പുലരുമ്പോൾ അഗ്നിപോലെ ജ്വലിക്കുന്നതും ആകുന്നു - വല്ല മത്സരങ്ങളെയും തടുക്കുവാൻ മോറിയമലെക്ക് ചുറ്റിലെ ഒരു കോട്ടമ്പാരമേൽ അനേകം കോട്ടകളും ഉയരമുള്ള ഗോപുരങ്ങളോടും ആലയപ്രാകാരത്തോടും ഏറ്റം കല്ലുകളോടും കൂടെ ഉണ്ടായിരുന്നു (അപ. ൨൧, ൩൫-൪൦) - മദ്ധ്യവും പലതിരിവാണങ്ങളും ദേവാലയത്തിന്റെ മുഴുവനും പണി ചെയ്യുന്നവരെ യഗ്നിയിന്റെ ദർശനകാലത്തിങ്കൽ വരാതെ കൊണ്ടിരുന്നു (യൊ. ൨,൨൦)

മശീഹ ദേവാലയത്തിൽ വരുവാനുള്ള കാരണം എന്ത് എന്നാൽ അശുദ്ധികരണത്തിന്നുള്ള ൪൦ ദിവസങ്ങൾ തികഞ്ഞതുകൊണ്ടു കുഞ്ഞാടുവാങ്ങുവാൻ ദ്രവ്യം പോരാഞ്ഞാൽ അവർ ഇണപ്രാവു വാങ്ങി കൊണ്ടുപോകുന്നു (൩ മോശ. ൧൨,൮) - അതു കൂടാതെ മുട്ടികളെല്ലാം യഹോവെക്ക വിശുദ്ധമാകയാൽ പുത്രനെ യഹോവെക്ക് അർപ്പിക്കയും (൨ മൊ. ൧൩,൨) മുട്ടികൾ പകരം ലേവിഗോത്രക്കാരെ ആലയസേവെക്ക വെച്ചിരിക്കകൊണ്ട് ആ ആദ്യശേഷൽ വെള്ളി (ഏകദേശം ൧൦ രൂപിക) വെച്ചു അവനെ വീണ്ടുകൊള്ളുകയും വേണ്ടിയിരുന്നു (൪ മൊ. ൧൮,൧൫)

അപ്രകാരം ചെയ്യാൻ അടുത്തപ്പോൾ ശിമ്യോൻ എന്നൊരു വൃദ്ധൻ ശിശുവെക്കൈയിൽ എടുത്തു സ്വജാതിക്ക് ഉദിച്ചുവന്ന ദേവരക്ഷയെ കണ്ടതിനാൽ അത്യന്തം സന്തോഷിച്ചു ഇതാ ഞാൻ ഇനി ലോകം വിടുവാൻ ഒരുങ്ങുകയും ചെയ്തു - ഇവൻ സകല ജാതികളെയും പ്രകാശിപ്പിക്കുന്ന വെളിച്ചവും ഇസ്രയേലിന്റെ തേജസ്സും ആയി

ലഭിച്ചു (ലൂക. ൨, ൩൪) എന്നു സൂചിപ്പിച്ചതല്ലാതെ — ഇസ്രയേലിൽ പ
ലരും മറുത്തുപറകയാൽ മഹിമാകുലമായിത്തീരുന്നില്ല മാത്രമല്ല
വലർക്കും ഭീഷ്മമായും ഉള്ളിലും വെളിപ്പെടുന്ന ന്യായവിധിയും സംഭ
വിക്കും എന്നും അമ്മയുടെ ഹൃദയത്തിൽ കൂടി ഒരു വാൾ കടക്കും എ
ന്നും (ലൂ. മാ. ൨, ൩൪. ൩൫.) ശിമ്യോൻ അറിയിച്ചു മറിയെ ഒക്കെയും
യോസെഫിന്നും അമ്മയ്ക്കും അറിയിക്കയും ചെയ്തു —

ശിമ്യോൻ ആത്മനിയോഗത്താൽ ദേവാലയത്തിൽ വന്ന
തല്ലാതെ ദിവസേന നോമ്പും പ്രാർത്ഥിച്ചും കൊണ്ടതിൽ ചെ
ല്ലുന്ന ഹന്നാ എന്ന വിധവ മഹിമയെ കണ്ടു സന്തോഷിച്ചു വയസ്സു മ
ദന്നു ബന്ധപ്പെട്ടു യരുശലേമിൽ രക്ഷാഗ്രഹികളെ നോക്കി നടന്ന
ഈ സുവിശേഷം അറിയിക്കയും ചെയ്തു

൫.) ഗലീലിയ നചരത്തിലെ വാസം (ലൂ. ൨. മത്ത. ൨.)

എങ്കിലും യരുശലേമിലും ബെത്ലഹേമിലും ശിശുവിന്നു നിർഭയമായ
സ്ഥലം ഇല്ലാഞ്ഞു — അപ്പോൾ ആവു ചൊവ്വായ ഇടത്തെ കൈസരുടെ കാഴ്ച
ക്കാർ യരുശലേം ഗ്രാമനാട്ടുകൂടെ (ലൂക്ക ദശം ൧൦൦൦ ചെയ്കവർ)
വന്നു ഈ അരും നാട്ടും തടന്നു എഴുകയും കൊഴുകയും വാങ്ങിപണം ഉണ്ടാക്കി
കൊള്ളുമ്പോൾ — (ലൂൻ. ൭) ഹെരോദാവിന്നും അഹദർ ആ
ശ്രയം എടുത്തു മത്സരിച്ചു — ഉടനെ റോമ ചെയ്കവർ കോട്ടയിൽനി
ന്നു ഇറങ്ങി പൊരുതു വലരെയും ദേവാലയത്തിന്റെ ചുറ്റും വെച്ചു
കൊന്നു മഹാമത്സവത്തിന്നു തീ കൊടുത്തു ഭയം ഉണ്ടാക്കി ദേവാ
രത്തിൽ കണ്ട ൪൦൦ താലന്തിൽ അധികം ദ്രവ്യം കവർന്നു കൊള്ളുക
യും ചെയ്തു — അതുകൊണ്ടു കലഹം വർദ്ധിച്ചു കള്ളന്മാർ ആരും തി
രഞ്ഞു കാഴ്ചക്കാർ പേടിച്ചു വാരനെ സഹായത്തിന്നായി വിളി
ച്ചു കൊണ്ടുവന്നു — ആയവൻ ശേഖരിച്ചു ലെഗ്യോനകളെയും
അരബിസുറിയ നാട്ടു ബലങ്ങളെയും കൂട്ടിക്കൊണ്ടു വന്നു ക
ലഹം അമർത്തു പിടികിട്ടിയ കലഹക്കാരിൽ ൨൦൦൦ പ്രധാനിക

ളെ കുഴുമെൽ ഹെദരിയസ്സാൻ നഗരക്കാർ ഇരുത്തങ്ങളുടെ കൂടെ കരഎ
മല്ലു ഉത്സവത്തിന്ന വലിദിത്തിൽ നിന്നും വന്നുകൂടി ഖാവ്യർ ഹജരങ്ങ
ൾ കലഹിച്ചാൽ ഇബ്നുഹാരത് അവൻ ഹിശാം ഒക്കിച്ച് വൈരങ്ങളവാ
രൻ നാടു സ്വസ്വമാക്കി അനന്ത്രാവഹ്യമടങ്ങി ദേവാലയങ്ങളും ഒ
ക്കു —

അഗ്ലാബിൽ രണ്ടാം ഇബ്രാഹിം കൊന്നുയഹൂദർ ഗ്രന്ഥങ്ങളാ
ലെ ഒരൊ മെക്കത്തെ അച്ചുതന്റെ ഇന്ദുസ്ഥാനസ്വത്വത്തിൽ ഒട്ടും മ
നസ്സില്ല - കൈസർ തങ്ങളെ ഉറക്കിച്ചുവാൻ മതിയല്ലാഞ്ഞ നഷ്ട
ടം ബോധിച്ചില്ല - ഹാരൂൻ അറശീദിൽ വിസ്താരം ഇന്നായപ്പോ
ൾ കൌഹുസ്സൻ കൈസർ ഹരൂൻ ബാഖിൽ മരണവൃത്തികളെയും വരവു
കണക്കുകളെയും തൊക്കി വെവ്വേറെ വെക്കുകളെയും അറാ
യന്തെളെയും കെട്ടു വിധിച്ചുതീൎപ്പുകാരൻ

അഗ്ലാബിന് ഏദൊം ആഫ്രിക്ക എന്ന രാജ്യത്തി
ന്റെ വാഴ്ചയും മകന്റെ ഹന്നാമവും കിട്ടുക - നന്നായിരിപ്പാൻ
നാമനാമവും പിന്നത്തെതിൽ ഒരാം - ശമ്മുക്കാർ മസ്സരത്തിൽ
കൂടായ്ക കൊണ്ടു അവരുടെ നികുതിക്കൽ അംശം വിട്ടുകൊടുക്കണം ഇ-
ഹല്ലാം കൂട്ടിയാൽ കാലത്തെന്നും നാലന്നു മുതൽ (൧൧൧ ലക്ഷം ക്രൂ
ഷിക) വരവ് അഗ്ലാബിന്നുണ്ടാക - - രാജ്യത്തിലെ മറെറവാ
തിഖിൽ ശലീലവരായ നാട്ടുകൾ തന്നിവാഴുന്നത് ഇന്നാം ഹരൊ
ദാബിന്റെ ഇടവകയും പിരിവുഫലം നാലന്നും (൧൧ ലക്ഷം ക്രൂഷിക)
ആക - ബാശാൻ ഗൊലാൻ ഹൌരാൻ ത്രചൊനിതി നാടുക
ളും ലുസാനിയനാട്ടിലെ ചില ദെശങ്ങളും ൧൦൦ നാലന്നു പിരിവും
ഫിലിപ്പ് എന്ന മൂന്നാം പുത്രനു ലഭിക്ക (ക്രി. ൧൮൯.) - രാജസഹൊ
ദരിയായ ശലൊമെക്ക അസ്കലൊൻ മുതലായ പട്ടണങ്ങളും ൫൦
ലക്ഷം വരവും ഉണ്ടാക - ഹലസ്സഗദര മുതലായ യവനപട്ടണങ്ങൾ
സുറിയനാട്ടുവാഴ്ചക്കടങ്ങണം - മഹാഹെരൊദാവിന്റെ

സഭാദ്ധ്യക്ഷന്മാരിൽ ശേഷിച്ചിട്ടുള്ള സന്തതികൾ കല്പിച്ചുകൊടുത്ത
ദ്രവ്യവും വൃത്തിയും എല്ലാം അനുഭവമാക്കി വരിക

അതിന്റെ ശേഷം അൎപ്പൊസ്തലന്മാരുടെ ഇടയനെ ക്രൂശി
ച്ചും ധംഭിച്ചും കൊന്നു എന്നു കേട്ടിട്ട് മടങ്ങി അനന്തരത്തിൽ
അതിയക്കപ്പാൻ - യൊസെഫ അവന്റെ ക്രൂശിക്കും ശിഷ്യന്മാ
ൎക്ക് ഉപദേശകനും പിതാവിച്ചവരും സാക്ഷിയുമുള്ളവനും
ആയിട്ടുള്ള സഭയിൽ തന്നെ വാഴിക്കയും ചെയ്തു -
ആ സൻ ഇസ്രയെലിൽ തിരിഞ്ഞതു മരിയക്ക് ഉണ്ടായിരുന്ന
ചെൎത്തു ആരും - ഇതിന്റെ ശെഷം ആക്കമുള്ള കൂടായ്മ കൽപ്പ
ന്തു (ലൂ. ൧൦, ൨൩) അതിനാൽ ഉൾക്കൊണ്ടിരുന്നതിനെ പോലെ
ആകുന്നു - അതുവും നാമാന്തരം തന്നെ - ആചാര്യമതത്തിൽ ഒരി
ക്കലും വരാതവർ (യൊ. ൭, ൪൯) - അതുകൊണ്ടു ഈ നാട്ടിൽ
അവരുടെ മഹിമ ഒരിക്കൽ ഉള്ളവർ ശ്രുതിക്കു യെശു
അംഗമായിട്ടുള്ളവൻ എന്ന് ചൊല്ലി ഉള്ളൻ എന്നും അല്ലാതെ
ദയ്യൻ (നസ്രാണി) എന്ന പെർ മാത്രം വന്ന്ചിരിപ്പിരിക്കുന്നു - ഈ
നാമത്തിന്റെ കീൎത്തി ദൈവത്തിന്റെ വല്ലഭത്തെ അറിയാതെ
വൎദ്ധമായിട്ടത്രെ സംഭവിച്ചു എന്നുള്ളതു വെദപ്രമാണങ്ങളാലും
തെളിയുന്നു (മശ. ൪൩, ൧. റൊമ. ൧൬. ൟക. ൨൨, ൟയ്യക. ൨൨,
൨൩)

൧൭. യെശുവിന്റെ വളൎച്ച (ലൂ. ൨)

യെശു നസറത്തും ബയലെല്ലാം ചെൎന്നായി പാൎത്തു - അക്കാലത്തു
ഉള്ള വിശെഷങ്ങൾ ഒന്നും അറിഞ്ഞുകൂടാ എന്നില്ല - മറിയ തന്നെ
എന്നതൊന്നും അവന്റെ ബാല്യാവസ്ഥയിലെ കഥകളെ സഭ
ക്കാരൊട് അറിയിച്ചതെ ഉള്ളു അതിനാൽ യെശുവിന്റെ
വളൎച്ച അറിവാൻ സംഗതി വന്നു - ബാലൻ ദൈവകൃ
പയാൽ വളൎന്നു ആത്മാവിൽ ശക്തനും ജ്ഞാനപൂൎണ്ണനും ആയി

മഞ്ഞത്തിന്ന ഒരു ദൃഷ്ടാന്തം അവന്റെ രണ്ടാം പെസഹയാത്രയാൽ വിളങ്ങിയിരിക്കുന്നു

ഇസ്രയെലിൽ ബാലന്മാർ ൧൨ വയസ്സ ഉണ്ടായാൽ അഛ്ശന്മാരൊടു കൂടി മഹൊത്സവങ്ങളിൽ ചെല്ലുമാറുണ്ടു - ആദ്യയാത്രയിൽ അവൎക്ക ധൎമ്മപുത്രർ (തൊരത്തിന്റെ മക്കൾ) എന്ന പെർ വിളിക്കും - യെശുവും യരുശലെമിൽ പൊകുവാൻ കാലം തികഞ്ഞപ്പൊൾ രാജഭയം എല്ലാം ഇല്ലാതെ ആയിരുന്നു - എങ്ങിനെ എന്നാൽ

അൎഹലാവു യഹൂദരെയും ശമൎയ്യരെയും വളരെ പീഡിപ്പിച്ചു സഹൊദരന്റെ വിധവയെ മക്കൾ ഉള്ളവൾ എങ്കിലും ധൎമ്മമാക്കി വെച്ചു മഹാചാൎയ്യന്മാരെയും പലവട്ടം മാറ്റിവെച്ചു, ൯ാം വൎഷം വാണശെഷം - പ്രജകൾ കൈസരൊടു സങ്കടം ബൊധിപ്പിച്ചു - അപ്പൊൾ ഭാൎയ്യ ഒരു സ്വപ്നത്തിൽ മുമ്പെ അഭൎത്താവെ കണ്ടിട്ടു മരിച്ചു അൎഹലാവും ൯ കതിരുകളെയും തിന്നുന്ന കാളയെ കിനാവിൽ കണ്ടു ഭ്രമിച്ചു ലക്ഷണക്കാരെ വരുത്തി അന്വെഷിച്ചപ്പൊൾ ഒരു ഹസിദ്രൻ ൯ാം ആണ്ടിൽ വാഴ്ച തീരും എന്ന അൎത്ഥം വിസ്തരിച്ചു പറഞ്ഞു അഞ്ചാം ദിവസം രൊമെക്കു ചെല്ലുവാൻ കല്പന വന്നു - അവിടെ കൈസർ വിസ്തരിച്ചു കുറ്റം കണ്ടു അവനെ പിഴുക്കി ഗാല്ല്യ പട്ടണമായ വിയന്നയിലെക്കു മറുനാട്ടുകടത്തുകയും ചെയ്തു - (൬ ക്രി.)

അപ്പൊൾ കൈസർ ക്വിരീനനെ സുറിയയിൽ നാടുവാഴിയും അവന്റെ കീഴിൽ കൊപൊന്യനെ യഹൂദയിൽ പ്രമാണിയും ആക്കി നിയൊഗിച്ചു പൈമാശിയെ ചാൎത്തിപ്പാൻ കല്പിച്ചു - അൎഹലാവിന്റെ മുതൽ എല്ലാം കൈക്കലാക്കുവാൻ ക്വിരീനൻ താൻ യരുശലെമിൽ വന്നു - എന്നാറെ മഹാചാൎയ്യൻ ബുദ്ധിപറകയാൽ യഹൂദരിൽ മിക്കവാറും പെർ

പതിഷ്ഠാൻസമ്മതിച്ചു എങ്കിലും ഗമലിയേലാരനായ യഹൂദൻ (അ
പ. ൫, ൩൪.) ഈ പ്രകാരം ദാസ്യം കല്പിക്കുന്നത് ഈ ശ്രേഷ്ഠന്മാരെയോ
ഗ്രം ദൈവജാതികളായ എബ്രായരെയും മശിഹയെയും അറിഞ്ഞ
ശിഷ്യന്മാരെന്ന്യായം ഉളളവരിൽ കുതിന്നതിനാൽ വരിയ
ത് അന്നും സാധിക്കയില്ല മശിഹാകാലം ഈതാവന്നതെന്നറിഞ്ഞ
ച്ചുവലരിലും മതഭ്രാന്തുമുഴുത്തു ചുകലഹം തുടങ്ങിനശിച്ചുപോ
കയും ചെയ്തു - പരിശചദുക്യഹസിദ്ര ഇമ്മൂന്ന മതഭേദങ്ങ
ളൊട്ടുനാലാമതായി വാശിക്കാർ എന്നൊരു പക്ഷത്തിന്നും
യഹൂദാതന്നെ കർത്താവ് - യഹോവ എകനത്രെ രാജാവ് എന്ന
നൻ അവരുടെ മൂലവാക്കു - കൊല്ലുവാനും മരിപ്പാനും ഒരിക്ക
ലും മടിക്കയില്ല - എങ്കിലും അന്നത്തെ കലഹം അമർത്തിരി
ന്ന ശേഷം യഹൂദനാട്ടുരൊമനിഴലിൽ വരുവോളം
ലം സ്വസ്ഥമായിപാർത്തു

അതിനാൽ ഹന്നാ എന്ന മഹാനാരെ (ലൂ. ൩, ൨) മഹാചാ
ര്യനാക്കിയശേഷം മടങ്ങിപ്പോയി - കൊപൊന്യൻ ഉളളക
ന്നാം പെസഹ ദിനത്തിൽ ആചാര്യന്മാർ രാത്രിയിൽ ആലയവാ
തിൽ തുറന്നപ്പോൾ ചില ശമര്യന്മാർ ഗൂഢമായി പ്രവേശി
ച്ചു മണ്ഡപത്തിലും മറ്റും അസ്ഥികളെ ഇട്ടുതീണ്ടിച്ചു - അതു
കൊണ്ടന്നുമുതൽ ശമര്യന്മാർ ആരും ഒരിക്കലും ദൈവാ
ലയത്തിൽ കടക്കരുത് എന്ന കല്പനയായി - മുമ്പെ മഹാസ
പകാലത്തു ശമര്യരെ അകറ്റുമാറില്ലപോൽ

പിന്നെ പെസഹപ്പെരുന്നാളിൽ യെരുശലമിൽ വന്നവർ
ദിവസംപ്രതി ചെയ്യേണ്ടുന്ന ഉത്സവം മറിയയും പന്ത്രണ്ട് വയസ്സായ
ശുയാത്രാക്രമം പോലെ ബന്ധുക്കളും പരിചയക്കാരും ആയ ബാ
ലന്മാരുടെ കൂട്ടത്തിൽ നടക്കുന്നതായി നിരൂപി
ച്ചുകൊണ്ട് ദിവസം വഴിദൂരം നടന്ന മകനെ കാണാഞ്ഞു തി

ഷത്തൊടെ അവെച്ചിട്ടു മടങ്ങിവന്നു - മൂന്നാം ദിവസം ദെവാലയത്തിൽ തന്നെ ശാസ്ത്രിമാരുടെ ഇടയിൽ ഇരുന്നു കെട്ടു ചൊദിക്കുന്നതു കണ്ടു - അമ്മയുടെ ചൊദ്യത്തിന്നു ഞാൻ അച്ഛന്നുള്ളവറ്റിൽ ഇരിക്കെണ്ടുന്നതു നിങ്ങൾ അറിഞ്ഞില്ലയൊ എന്നുത്തരം പറകയാൽ - ഈ ദെവാലയം പിതൃഭവനം എന്നും വെദം കൊണ്ടു ശാസ്ത്രിമാരൊടു ഉള്ള ചൊദ്യൊത്തരം പിതൃകാൎയ്യം എന്നും ഈ വകയിൽ അല്ലാതെ മറെറാന്നിൽ അവൻ കെട്ടുമാറില്ല എന്നും അറിയിച്ചു - പിന്നെ അമ്മയച്ഛന്മാൎക്കു ചെരുംവണ്ണം അനുസാരം ഉള്ളവൻ എങ്കിലും അവൎക്കധീനനായി അഴകുള്ള പിതൃഭവനം വിട്ടു നചറത്തെക്കുടിയിൽ വന്നു പാൎത്തു ദെവകടാക്ഷത്താൽ വളൎന്നു പൊരുകയും ചെയ്തു

ഇനി ത്തെല്ലാം വളൎച്ചവരുന്നതു ഒന്നു നിശ്ചയിപ്പാൻ പാടില്ല- മശിഹാ വെലെക്ക വെണ്ടി ചില ലക്ഷണങ്ങളുള്ളു - ആതാനത്രി യശുവിന്തിന്റെ ചൊല്ലുകാരത്തിൽ പക്ഷികളും കാട്ടിലെപുഷ്പങ്ങളും കാററും മഴയും പുഴയും മലയും സകലസൃഷ്ടിയും തന്നൊടു ദെവവചനം ഉരെക്കുന്നതായി കാണും - ഉത്സവങ്ങളും യജ്ഞവാക്യങ്ങളും ചില്ലറയും സൂചിയും മിൻപിടിയും തൈപ്പത്തിനുലായനൊഴിച്ചലുകളും മന്ത്രികളും എല്ലാം തനിക്കു തിരിച്ചെ ഉപദെശിപ്പാനുള്ള ഉപമകൾ ആയിരുന്നു - സ്വപ്നങ്ങളും തെന്നറിയാത്തതാൽ പിതാവെ തിരഞ്ഞുകൊള്ളുന്ന വായനത്തെ ഗ്രഹിപ്പാൻ സംഗതി വന്നു - പിന്നെ വഴക്കിലയത്തിൽ വായിക്കുന്നതും തന്റെ സ്വദെശത്തിൽ കാണുന്നതും രണ്ടും ഒക്കകൊണ്ടാൽ ആശ്ചൎയ്യമായ പ്രപഞ്ചം എന്ന നിശ്ചയിച്ചുകൊണ്ടുളും ഗ്രഹിച്ചു പൊന്നു - ൧൨ വയസ്സു മുതൽ വൎഷംതോറും യരുശലെമിലെ ഉള്ള യാത്രകളിൽ നിന്നു പിന്നെ രണ്ടിപ്രായവും ശാസ്ത്രികൾ്ക്കു തലയായവരുടെ വക്രതയും കണ്ടറിവാൻ

തകം ഉണ്ടായി - മനുഷ്യരിൽ തനിക്ക ഒരു മൂപ്പ വെറെ ലൊക
ട്ടതവനില്ലെന്ന തൊന്നുന്നവരും പുത്രനെ കൂപ്പുവനും എറി
ഞ്ഞില്ല - അതുകൊണ്ടു ഉന്നം വരാതെ നിത്യസംസൎഗ്ഗം പിതാ
വൊടു മാത്രം തനിക്കുണ്ടു - സൃഷ്ടിയെയും വെദത്തെയും വ്യാഖ്യാ
നിച്ചുകൊടുക്കുന്നത കഴുത്തവൻ തന്നെ - എന്നിട്ടു വാത്സല്യം
അപ്പനും കൂടെ ഉണ്ടെന്നറികയും പാപമഗ്നമായ ലൊകത്തി
ന്നവെണ്ടി അപെക്ഷിക്കയും സകലത്തിന്നായി സ്തുതിക്കയും എ
ല്ലാ യൊഗത്തിങ്കലും ആമെൻ എന്ന് അനുസരിച്ചു നടക്കയും ഉണ്ടാ
യെ ഉള്ളൂ - ആചാരങ്ങളാൽ പാപവികാരം ഒന്നും പറ്റാതെ യെ
ശുവിന്റെ വളൎച്ച ക്രമത്താലെ തികഞ്ഞുവന്നു

൧൦. യെശുവിന്റെ കുഡുംബം

അനന്തരം യൊസെഫ മരിച്ചു - എങ്കിലും മറിയക്കല്ലാതെ സഹൊ
ദരന്മാരും ചിലർ ഉണ്ടെന്ന കെൾക്കുന്നു (യൊ. ൨, ൧൨. മാൎക്ക. ൩,
൩൧) - അവർ നാലാൾ യാക്കൊബ - യൊസെ - യഹൂദാ -
ശിമൊൻ എന്നവർ തന്നെ (മാ. ൬, ൩. മത. ൧൩, ൫൫) - സഹൊ
ദരിമാരും ഉണ്ടു - ഇവർ മറിയ പെറ്റ മക്കൾ തന്നെ എ
ന്നു നിശ്ചയിപ്പാൻ പാടില്ല - അവൾ തന്റെ പുത്രനെ ആദ്യജാ
തനെ തന്നെ പ്രസവിച്ചു എന്നുള്ളതിനാൽ (ലൂ. ൨, ൭) അവൾ
പിന്നെയും പ്രസവിച്ചു എന്ന തെളിയുന്നില്ല (കൊല. ൧, ൧൫) -
അവൾ ഭാൎയ്യയും എല്ലാം അനുസരിച്ചു നടന്നവൾ എന്നു
ചൊല്ലിക്കാം (മത. ൧, ൨൫) - എങ്കിലും യെശുവിന്ന അനുജന്മാ
ർ ഉണ്ടായി എന്നതൊന്നില്ല ആ നാലവർ ചിലപ്പൊൾ
ജ്യെഷ്ഠഭാവം കാട്ടുന്നവരായി കാണുന്നു (മാ. ൩, ൨൧) - പെസഹ
യാത്രയിൽ യെശുവിന്ന ൧൨ വയസ്സാകകൊണ്ടു ബാലസം
ഘത്തിൽ കവിച്ചു നടക്കുന്ന ബുദ്ധി വയസ്സന്മാരിൽ
എന്നു ഊഹിക്കാം (ലൂ. ൨, ൪൪) - എന്നാൽ അവർ മറിയയുടെ

മക്കൾ അല്ല എന്നു സ്പഷ്ടം.

അതാലെ യാക്കൊബിന്റെ അപ്പൻ ഹല്പായി എന്നും (മത്ത. ൧൦, ൩) ക്ലെയൊഫാ എന്നും (യൊ. ൧൯, ൨൫) പെരുള്ളവൻ—ആകുന്നു യൊസെഫിന്റെ ജ്യെഷ്ഠൻ എന്നൊരു പുരാണവൎത്തമാനം ഉണ്ടു—അതുകൊണ്ടു (യൊ. ൧൯, ൨൫) വാക്യത്തിൽ,, അവന്റെ അമ്മയുടെ സഹൊദരിയും ക്ലെയൊഫാസിന്റെ ഭാൎയ്യയായ മറിയയും എന്ന ചൊല്ലേണ്ടതാകുന്നു—അമ്മയുടെ സഹൊദരിയെ പെർ എന്നാൽ ക്രൂശിന്റെ അരികിൽ നിന്നവരുടെ പെൎവ്വിവരം ൪ സുവിശെഷങ്ങളിലും നൊക്കിയാൽ സബദിയുടെ ഭാൎയ്യയും യൊഹന്നാന്റെ അമ്മയുമായ (മത്ത. ൨൭, ൫൬.) ശലൊമ എന്ന (മാൎക്ക. ൧൫, ൪൦) എന്നതെങ്കിലും—അവൾ യെശുവിന്നു ഇളയമ്മ ആകയാൽ തന്റെ മക്കൾക്കായിക്കൊണ്ടു മശീഹാരാജ്യത്തിൽ ഒന്നാം സ്ഥാനത്തെ അപെക്ഷിച്ചത് (മത്ത. ൨൦, ൨൦)—മറിയ യൊഹന്നാന്നമ്മയായ്തീൎന്നതും അതിനാൽ അധികം സ്പഷ്ടമാകുന്നു (യൊ. ൧൯, ൨൭)—ഈ സബദിപുത്രർ ഇരുവരും യെശുവിന്നു അടുത്തവർ എങ്കിലും നഗരത്തിൽ അല്ല ഗലീലശരസ്സിൻ വക്കത്തു പാൎത്തുവരുന്നവരത്രെ (മത്ത. ൪, ൨൧)

ഹല്പായി മറിയ ശെഷമൊ അനന്തരമൊ യൊസെഫ എന്നവന്റെ ഭാൎയ്യയും നാലു മക്കളെയും പെറ്റു എന്നു തൊന്നുകിറിക്കും—പിന്നെ യൊസെഫ് തന്റെ കുറിഞ്ഞ ... തന്നെ വരുന്ന മറിയയുടെ വീട്ടുകാൎയ്യം നൊക്കി ... അവർ സ്വഭാവപ്രകാരം നിയൊസഫി ... ക്കളെയും ഉള്ളവർ എന്നതൊ ... (... ൧, ...) ലെഖനം എഴുതിയ യഹൂദാവിന്ന (... യൻ) ലബ്ബെയി ... നും (നെഞ്ചുവൻ) തദ്ദായി എന്നും പെരുകൾ ഉണ്ടു—അവൻ

ആരും ഗ്രസിയാനായ്ക്കു (ഗല. ൪, ൨) യായതൊവ എന്നതാവെളിച്ചു
ലന്നം ലൊകത്താരവും ഉയൎന്നതെന്ന - കൃന്നാം സഹൊദര
ന്റെ കാരണ (മാ. ൧൨, ൪൦) - നാലായരൻ്റിതമാൻ - ഇവരും തിരെ
ന്നെരിസ്തായുല്ലന്മാരൊടു കൂടിച്ചു പൊയത്തു (അപ. ൧, ൧൪) - അതിനാൽ
ആകശനലം ആപ്പൃക്ഷനായി ത്രയാണ്ടെ കസനടെ കാലത്തിൽ സാ
ക്ഷിമരണം എററവൻ - ഇതിനെയായ സെവിൻ്റെ ദദത്തിനാൽ
യെശുവിനു സഹൊദരന്മാരാകിലുമത്തെ വൎഹല്ലായുടെ പുത്ര
പു തന്നെ

യെശു താൻ നസരത്തിൽ തച്ചൻ എന്ന വെളുളവൻ (മാ.
൬, ൩ - ആരെല്ലാമാരൊ അവൻ മശിഹയായി ലൊകത്തിന
തന്നെ വെളിപ്പെടുത്തെണം എന്നു ഗ്രഹിക്കയാൽ അവനെ
കൊണ്ടു വരുന്നതെ കൈവെച്ചെടുപ്പിക്കുള്ളയാകിരുന്നു - ഇതി
നെ ഉള്ള വസ്തുക്കളൊട്ടുകൂടെ പറഞ്ഞ ബൊധയെശു യെഹൊവന്മപ്രാ
പിച്ചതിന്റെ മഹാപ്രവൃത്തിക്കായി ഒരു വെട്ടപൊരുകയും ചെയ്തു

ദ്വിതീയകാണ്ഡം

മശിഹയുടെ പ്രവൎത്തനം

൧. രാജ്യകാൎയ്യവും കാലക്രമവും.

യെശുവിനു൧൨ വയസ്സായപ്പൊൾ കനഗ്രസ്ഥൻ എന്നവ്യവചക്രി൩വ
വൎത്തിപൃത്ര പൌത്രന്മാർ ഇല്ലായ്കയാൽ ദായ്യാപുത്രനായതിരെ
പെൾനെനഞ്ഞൻ എട്ടുഞ്ഞ് ഇരുമ . യാകിവാഴിച്ചു - സാമ്രാജ്യത്തി
ന്നു പൂൎവമസ്വാതന്ത്ര്യവും ശ്രീത്വവും ഉണ്ടെങ്കിലും മുന്മെസ്സിമയകിൽ
നാട്ടുവാഴ്ചിയായവാരൻ ഗല്പാനരെ സ്വാമിനെടുക്കുവാൻ വിചാരി
ച്ചപ്പൊൾ അവരുടെ ലെവനായഹെമ്മൻ അവനെയും സ്ഥലെഗ്രാ
മങ്ങളെയും കാട്ടിൽ വരുത്തി ഗ്രഹിച്ചു - ആയതുകൊണ്ടു ദൈക്രിന
ഡനന്നും ഒന്നെഞെട്ടി മൂരടിട്ടു രൊമസാമ്രാജ്യത്തിന്നകത്തി
നിന്ന് നിന്ന് ഞെപഞ്ഞുവരും എന്ന് ഉന്തിച്ചു ശെഷം - തിബെൎയ്യൻ

കൌശലം പ്രയോഗിച്ചു ദുഷിച്ചു വംശത്തെ ഉന്മൂലനം ചെയ്തു കൊണ്ടു

(൩൫ ക്രി. മു.) ഒരോ മക്കൾ തല്ലാലഭയം ഉണ്ടാക്കി - ഔഗുസ്തൻ താൻ മരിച്ചപ്പോൾ ഒ
ന്നമത്തിലുള്ള കൈസർ സ്ഥാനാരോഹണം ചെയ്തു പ്രകാരം താൻ
കണ്ടെന്ന സത്യം ചെയ്താൻ ഔഗുസ്തന്റെ ദേവമാനവും സ്ഥാനവും
നിത്യാസവലവും പുരോഹിതരും വേദം അറിഞ്ഞുള്ളവരായി -
ഞാനുതന്ന കൈസരെ പൂജിയാതെ ഞങ്ങൾ സ്വാമി ദ്രോഹ
ത്തിന്ന് ഒരു പാപമാക്കിക്കൊണ്ടിരിയാതെ -

ഉപായിയായ ഹെരൊദെശ് കോട്ടയിൽ അധികാരികളെ

(൩൪. ക്രി.) ഇൽ സമസ്ത നാടുകളിലെ സഭക്കാർ തങ്ങളുടെ മതം - പട്ടണങ്ങളും
ലും പാരസ്യവാദികളും സ്വാമിദ്രോഹം മുതലായ കുറ്റങ്ങളെ
ചുമത്തുവാൻ കൈസർ പ്രമാണികളെ കൂട്ടത്തോടെ - അക്കാലം മൊ
ഷിയിൻ നാലു പുത്രന്മാരിൽ ഉണ്ടായിരുന്ന - അവൻ മാറ്റ
യക്കും ശത്രുക്കളും പുരാണം സകല കുലങ്ങളെ ഇല്ലാതാക്കി
ഹെരൊദേശ് എന്ന സ്തുതിച്ചു കൊണ്ടു ധനവാന്മാരെ വേദത്തിന്റെ
അവൻ ശ്രമിച്ചു - അതു കൊണ്ടു ലജ്ജയായി തന്നെ ഗുരുക്കൾ
വിശ്വസിച്ചു യരുശലേമാലയത്തിങ്കൽ വരുന്നവരെ പോലെ ഗൂഢ
വാടാകി വെച്ചാൻ കൊടുത്തപ്പോൾ അവർ അതിനെ വിട്ടുമാറാതെ
നിധിയാക്കി കരുണ - കൈസർ ആജ്ഞാപിക്കുന്നതിന്നൊത്തവണ്ണം
ഗരത്തിലെ യഹൂദന്മാർ ൪൦൦൦ പേരെ വടക്കെ ദേശത്തിൽ ആട്ടി
വല്ലവരും വിരോധിച്ചാൽ ശിക്ഷിച്ചു കൊണ്ടു ആ വകക്കാരെ
ഒക്കയും സർദിന്യ ദ്വീപിലെ കാടുകളിൽ കളഞ്ഞു (മത. ൧൫, ൭.
രോമ. ൧, ൧൮.)

(൩൭. ക്രി.) യഹൂദശത്രുക്കളെ ദമിപ്പാൻ തിബെര്യൻ പിലാതനെ
നിയമിച്ചു - അവൻ ൧൦ വൎഷം വാഴുമ്പോൾ യോസേഫ് കയ്യഫാവിന്റെ
മകൻ ഇടങ്ങിയ മഹായാജകന്മാരൊരൊരുവൎക്കു പുരോഹിതരെ
ൻ അന്നാവിന്റെ വസ്ത്രത്തിൽ കാരുണ്യം ആശ്രയിക്കാതെ

വാഴിച്ചിരിക്കുന്ന - ഗജിലത്തിൽ വാഴുന്ന ഘസനാവിദരെക്ക
സരുടെ പ്രസാദത്തിന്നായി നക്കിനാട്ടിൽ നിന്നൊരുത്തൻ സ
ബ്ബിൻകതിരത്ത (ക്രിസ്തു. ൧൧൯൩) ദില്ലിനഗരത്തെ
ബന്ധനസപ്രകാരം പിടിച്ചിട്ടു പലസാധ്യക്കളെയും ഒരി
കളെയും നിഗ്രഹിച്ചുകൂടിയതു - അവന്റെ സഹോദ
രന്നായ ശാബുദ്ദീൻ വെള്ളത്തിന്റെ വടക്കിടപക്ഷദേശ
ങ്ങളെയും ലാഹൂരിലെ ചെന്നോനിനസമയഗ്രഹമായിരു
ന്നതിന്റെ പൂർവ്വപക്ഷം ഒപ്പിടെ നല്ലവണ്ണം വാണുകൊ
ണ്ടു യുദ്ധം ചെയ്തിരിക്കിന്നപ്രസാദത്തിന്റെ ഭാഗവും (ക്രിസ്തു. ൧൧൯൪,
൧൧൯൫) ചിതൊഹാദനൊലൂരും (൧൨൦൬-൭, ൧൨൧൦) ഉള്ളസ്ഥ
ലത്തൊരു കൈസരാജ്യം (ക്രി. ൧൨൧൧, ൧൨൩൬) തെളിക്കയും ചെ
യ്തു

അനന്തരം നിവേശിനിയൊന്നിച്ചു ഖിലാനൻ
ഖുദബിൽ വന്ന ൧൦ വർഷംവാഴ്ത്തു - അവൻ കടല്ലൂറൊന്നുപ്രത്ര-
ക്കൈസരുടെ പ്രിന്നപട്ടാളത്തെ അനുഗ്രഹിച്ചിന്ന
ഖുറാണ കൊടിപ്രതിമകളായവിനണ്ണളോടും കൂ
ടെനാഥ സമയത്തു പ്രവഹിപ്പിച്ചാൻ - ആളുകളെ
നാട്ടുവാഴികളും ചെയ്യാതെന്തിക്രമം ആക്കൊണ്ടുവലിയ
പൃഥ്വീരാജ കൈസരുടെ ചൂഢമില്ലാതെ ഒരു ദക്ഷി
ട്ടിണ്ണത്ത മഹാധനങ്ങളെ തിരുപട്ടണത്തിന്നതിക്കുവാൻ
അവെ കരിച്ചു - അവൻ നിയോഗിച്ചാലെ അവർ ഖൊറൊ
ദാമിൽ അമരഗരുസ്പാദ ക കലിപ്പുമിത്ര ഖുറാസാക്കളെ
നന്മാത്തെപാർത്തു ൩൦ ദിവസം പിലാതൻ രംഗസ്ഥലത്തു
കടന്നു യാത്രാനമസ്കരിച്ചു അവർ പിന്നൊന്നുകൂട്ടി
ച്ചാരെ അവൻ ചെലവഴിച്ചു അരപ്രകടിപ്പിച്ചത്ര ഞാൻ ചൊ
ന്നിലതിക്കിൽ വഴിക്കു ഒരു ഗ്രന്ഥക്കളിച്ചു ഭയപ്പെട്ടു

ന്തിയാരെ - അവൻ ത്രിക്കൊച്ചിയും. പിന്നെയും കമ്പിളിപ്പി
ടിച്ചു കൊണ്ടുപോയി മുലംചെന്നതൊക്കൊളും മറിച്ചു വെച്ചു
എന്നതിലെ നിർത്തിയാൽ പിലാതൻ സ്വംദിച്ചു മൃത്യു
മാകമുമ്പടിയരെതെ വാങ്ങി തെകനരക്ക് അയച്ചാനം കൊന്നി
ട്ടു

പിന്നെ അവൻ മതശലെമിൽ വെള്ളം വൊരാഞ്ഞുകൊ
ണ്ടുകൊണ്ടാൻ എന്ന ദേവഭണ്ഡാരത്തിൽ നിന്ന വളരെ ദ്ര
വ്യം എടുത്തു - ൪൦ കാതം വഴി ദൂരത്തു നിന്ന് ഒരു തോട്ടിലെ
വെള്ളം കല്ലാൽ കെട്ടിച്ചു നഗരത്തോളം വരുത്തി - ആരു
കൊണ്ടു പൊന്നാരം ന്യായാസനം വളഞ്ഞു പിടിച്ചു കൂടക്കിട്ടു
ദുഷിച്ചു വരുന്നപ്പോൾ അവൻ ചെകവരെ വെഷം മാറിച്ചു
നഗരത്തിൽ ഇടയിൽ അയച്ചു കുട്ടാരങ്ങളാലും വടിക
ളാലും അവരെ ശിക്ഷിച്ചു തിരക്കുവാൻ കല്പിച്ചു അവർ ആരും
വിചാരിയാത്ത കാലം അടിച്ചു തുടങ്ങി അനെകരെ കൊല്ലുക
യും ചെയ്തു - അന്നൊ മറ്റൊ നഗര ഉത്സവത്തിരക്കുള്ള സമയത്തൊ
ഗലിലയിലകാരുടെ രക്തം ബലിരക്തത്തൊടു കലങ്ങി വെ
ളായിരിക്കും. (ലൂ. ൧൩, ൧)

പിന്നെ അവൻ പെണ്ണുള്ള പൊൻ വണിക്കരുടെ വൊരൊ
രാഭരണങ്ങളിലകത്തും വഴിപൊട്ടാക്കി കൊടുക്കുവാൻ വിചാരിച്ചു -
അപ്പോൾ വളരെ നിലവിളികളുണ്ടായി കൈസരൊടു സങ്കടം
ബോധിപ്പിപ്പാൻ നിശ്ചയിച്ചു തുടങ്ങി - എന്നാറെ പിലാത
ൻ താൻ കൈക്കൂലി ഉള്ളൊരം വാങ്ങി അന്യായം അവ
ഹരിച്ചു മാനികളെ വരിഹസിച്ചു ന്യായവിസ്താരം കൂടാതെ
വലരെയും കൊല്ലിച്ചു അനെകം സാഹസങ്ങളെ ചെയ്ത
പാതകത്താൽ എല്ലാം ഒത്തു സംശയിച്ചു തുടങ്ങി ദ്രുമാനികൾ
കൈസരൊടു കുറക്കിട്ടു പൊയ് വണിക്കരെ നീക്കുവാൻ

കല്പനയായി - എന്നിങ്ങിനെ തെൎത്തുല്യൻറെ വൎത്തമാനം — (യൊ-
ഹന്നാ ൨൨)

അന്നു യെശു എന്ന് ഒരു ജ്ഞാനി ഉണ്ടായിരുന്നു അ-
തിശയമുള്ള ക്രിയകളെ ചെയ്യുന്നവനും സത്യത്തെ സന്തൊഷത്തൊ-
ടെ കൈക്കൊള്ളുന്നവരുടെ ഉപദെഷ്ടാവുമായി പല യഹൂ-
ദന്മാരെയും അധികം യവനന്മാരെയും ചെൎത്തുകൊണ്ടു അഭി-
ഷിക്തൻ എന്നുള്ള ക്രിസ്തനായി - അവനെ നമ്മുടെ പ്രമാണി-
കൾ കുറ്റം ചുമത്തി ഏല്പിച്ചപ്പൊൾ പിലാതൻ ക്രൂശിന്മെൽ തറെ-
പ്പാൻ വിധിച്ചശെഷവും മുമ്പിൽ അവനെ സ്നെഹിച്ചവർ കൈവി-
ട്ടില്ല അവനാൽ ക്രിസ്ത്യാനർ എന്ന പെർ ധരിച്ചവരുടെ കൂട്ടം ഇ-
ന്നെവരെയും ഒടുങ്ങീട്ടില്ല എന്നു ചരിത്രക്കാരനായ യൊ-
സെഫിൻറെ സാക്ഷ്യം.

അനന്തരം ശീമൊൻ എന്ന ഒരു ചതിയൻ ശമൎയ്യ-
നാട്ടിൽ ഗിത്തിം എന്നതിലെ മെൽകയറി മൊശെ
അവിടെ കഴിച്ചിട്ടു വിശ്വാസം പാൎത്ത ജനങ്ങളെ എട്ടു കാട്ടി-
യാം. എന്നവരെ ജ്ഞാനസ്ഥരകിൽ ഒരു വലിയ കൂട്ടത്തെ ചെൎത്തു
കൊണ്ടു - പിലാതൻ കതിരബലാകളെ ഒണ്ടു പലരെയും വെ-
റുതെ കൊള്ളിച്ചു പെശകുള്ളവ ചെയ്തിരിക്കു - ഉടനെ ശമൎയ്യ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
കു മടങ്ങി പൊകയും ചെയ്തു - പിലാതനൊ റൊമയിൽ
എത്തുമ്പൊൾ ദുഃഖത്തൊടെ മരിച്ചു കഴിഞ്ഞു എന്നതുണ്ടു (യൊ. മ. [illegible]

ൻ വാഴുകയും ചെയ്തു - ഫിലാതൻ മറുനാട്ടു കടന്ന ശേഷം മരി
ച്ചു കാണുന്നു എന്ന ശ്രുതി ഉണ്ടു

ഹെരോദാവിൻ മക്കളിൽ ഫിലിപ്പ ഹെരോദ്യാപുത്രി
യായ ശലോമ എന്നവളെ വേട്ടതിന്റെ ശേഷം നാൽ കാതി
കുട്ടികൾ ഇല്ലാതെ ബെത്ത്ചൈദയിൽ വെച്ചു മരിച്ചുകെ
അവന്റെ ഇടവകയെ സുറിയനാട്ടോടു ചേൎക്കയും ചെ
യ്തു —

അവരെക്കാൾ ദുഷ്ടനായ ഗലീലവാഴിയായ ഹെരോദാ
അന്തിപാസ — അവൻ അരബിരാജാവായ ഹരിത്തിന്റെ
പുത്രിയെ വേട്ടു പലകാലം വാണശേഷം — തന്റെ ജ്യേഷ്ഠൻ
കെട്ടിയ ഹെരോദ്യ എന്ന മഹാ ഹെരോദാവിൻ പൌത്രിയെ
രോമായാത്രയിൽ കണ്ടു മോഹിച്ചു കൂടെ പോരുവാൻ വിവാഹം നി
ശ്ചയിച്ചു കൊണ്ടു ഗലീലയിൽ മടങ്ങി വന്ന കാലം അരബി
രാജപുത്രി വസ്തുത ഗ്രഹിച്ചു ക്രോധം മറെച്ചു അച്ഛനെ കാണ്മാ
ൻ അനുവാദം വാങ്ങി പോയ ശേഷം മടങ്ങി വന്നതും ഇല്ല - അ
വളുടെ പിതാവ് അവമാനം സഹിയാതെ പട്ടാളം ചേൎത്തു പട തു
ടങ്ങിയപ്പോൾ ഹെരോദാവിന്റെ സൈന്യം തോറ്റു മുഴു
വൻ ഒടുങ്ങുകയും ചെയ്തു - എന്നാറെ യഹൂദർ ഇതു സ്നാപകന്റെ
കുലനിമിത്തം വന്ന ശിക്ഷ എന്നു നിശ്ചയിച്ചു - സ്നാപകൻ ഉ
ർ എന്നാൽ നീതി ഭക്തിയോടും കൂടെ ജലസ്നാനവും എല്ലാവ
ർക്കും ഉപദേശിച്ചതു ഹെരോദാവിന്നു എന്നകൎത്തവ്യമൻ തന്നെ - രാ
ജാവ് ജനരഞ്ജന നിമിത്തം അവനെ ഭയപ്പെട്ടു മകൈർ
കോട്ടയിൽ അടെച്ചു വെച്ചു ഒടുക്കത്തിൽ കൊന്നിരുന്നു -
ഈ ദേവശിക്ഷയെ അറിയാതെ ഹെരോദാ ചെയ്തൊ
ന്നു പലരെ സങ്കടം ബോധിപ്പിച്ചാറെ - തിബെൎയ്യൻ കൈസർ

ച്ഛിച്ചുതലവെട്ടി അവരെക്കണ്ണം എന്നാകല്പന അനുസരിച്ചു
ഒരുപട്ടാളം ചെന്നു യരുശലെമിൽ വന്നു പെറികൊള്ളിച്ചു
മഹാചാൎയ്യനെയിണെയും മാററിയപ്പൊൾ - തിബെൎയ്യ
ൻ മരിച്ചുപ്രകാരം കെട്ടു - ഉടനെ സന്തൊഷിച്ചു താൻമുമ്പെ
തന്നെ ഹെരൊദാവിങ്കൽ നിധാനക്കാരനാകകൊണ്ടു
പുറമെ കയ്സരുടെ സമ്മതം അറിയുന്നില്ലല്ലൊ എന്നു ചൊ
ല്ലിപടയെ അതിർകടത്താതെ വെറുതെ അന്ത്യൊഖ്യക്കു
മടങ്ങിപ്പൊകയും ചെയ്തു - (൩൭)

ഇതല്ലാതെ മറെറാരുശിക്ഷയും ഹെരൊദാവിന്നു സംഭ
വിച്ചു - ഹെരൊദ്യയുടെ ജ്യെഷ്ഠനായ ഹെരൊദാഅഗ്രിപ്പാ
എന്നവൻ (അവ. ൧൨) രൊമയിൽ വെച്ചുവരുന്നതിൽ എ
ല്ലാം ചെലവിച്ചും കടം പിണഞ്ഞും കൊണ്ടുവലഞ്ഞു മരിച്ചുകളവാൻ
ഭാവിച്ചപ്പൊൾ ഭാൎയ്യ വിരൊധിച്ചു ഹെരൊദ്യയൊടുവരുത്തി
ഇരുന്ന ശെഷം അവളെക്കെട്ടിയ ഗലീലവാഴി അവനെ തി
ബെൎയ്യനഗരത്തിൽ മാസപ്പടിക്കാരനാക്കി രക്ഷിച്ചു - പിന്നെ
അവൻ ദാരിദ്ര്യത്തിന്നു സഹിയാതെ ഓടിപ്പൊകി വരു
ന്ന അപമാനദുഃഖങ്ങൾ അനുഭവിച്ചു ശെഷവും രൊമയിൽ
ചെന്നു മൂഢനായ കായന്റെ തൊഴനായ്ചമഞ്ഞു - പ്രീതി
മിത്രം. തിബെൎയ്യൻ ഭയിച്ചിട്ടാൽ ൬ മാസം തടവിലായ
ശെഷം സിംഹം ചത്തു സ്വാതന്ത്ര്യം വന്നു കായൻ ഇരിമ്പു ച
ങ്ങലയുടെ തൂക്കത്തിൽ ഒരു പൊൻചങ്ങലയും രാജനാമവും
കിരീടവും ഫിലിപ്പൊസ്സ എന്നവരുടെ ഇടവകയും (ലൂ. ൩,൧)
കൊടുത്തു - ഇപ്രകാരം അവൻ മഹാഘൊഷത്തൊടും കൂടെ
കനാനിൽ വന്നു രാജാവായി വാണപ്പൊൾ പെങ്ങൾ അസൂ
സൂയ ഭാവിച്ചു മുമ്പെ നമ്മുടെ മാസപ്പടിക്കാരനായ ഇവ
ന്നു കിട്ടിയ സ്ഥാനം നമുക്കും ലഭിക്കെണം എന്നു ചൊല്ല

ഷിട്ടാലും വെണ്ടതില്ലെന്നിട്ടും ഒട്ടിച്ചു ഗലീലയിലെ വാഴ്വിനെ
വശീകരിച്ചു ഇവനും റൊമയിലെക്ക പുറപ്പെട്ടു പൊകയും
ചെയ്തു — അവൻ അഗ്രിപ്പാവിനൊടുടനെ ഒക്കയിയായി
ക്കാരമയിലെക്കയച്ചു ഉട പ്രതിസാസ്ഥിപക്ഷക്കാരൻ എന്നവ
ട മക്കളുടെ ആയുധം എല്ലാം ചരതിച്ചു ഉമസരത്തിനല്ലാതെ
എന്തിനാകുന്നു എന്ന ബൊധിപ്പിച്ചു തായ്യതും ഹെരൊദാവെ
വകഞ്ഞാരെ ലുഗ്ദുനിലെക്ക നാടുകടത്തി ഗലീലയും പെരായ്യ നാടുക
(൩൯) ളും അഗ്രിപ്പാവിന്നു കൊടുക്കയും ചെയ്തു — ഇതത്രെ ഘാതക
ന്റെ അവസാനം

കായൻ താൻ ഭ്രാന്തു പിടിച്ചു ദെവൻ എന്ന പെരും
